# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം3-357/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 01/07/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-13,1-14.1-15,1-21 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,
2.റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യവകുപ്പ്,കോഴിക്കോട്.
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം3-357/2022 തീയ്യതി: 01/07/2022

## വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-10-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പി.എസ്.വസന്ത | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 11-04-2022 | 29-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-04-2022 | 29-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം.ഓഡിറ്റ് ഓഫീസർ,
ശ്രീ.നവാസ്.കെ.എം.,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.കെ.കെ.ബിന്ദു.അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.വി.ഡേവിഡ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അലി.അക്ബർ.കെഅസി.ഓഡിറ്റ് ഓഫീസർ
ശ്രീ.വിപിൻ ചന്ദ്രൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.എൽ.സാബു | ചെയർമാൻ | 01-04-2020 | 11-11-2020 |
| ശ്രീ.ടി.കെ.രമേശ് | ചെയർമാൻ | 12-11-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അലി അസ്ഹർ.എൻകെ. | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. കെ.മുനവർ | അസി എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സുമിന.ടി.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ശുഭാങ്ക് | പ്രിൻസിപ്പാൾ | 01-04-2020 | 31-05-2020 |
| ശ്രീ.അബ്ദുൾ നാസർ | പ്രിൻസിപ്പാൾ | 01-06-2020 | 31-03-2021 |
| ശ്രീ.ഹാരിഫ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രജിഷ.പി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗിരിജ.പി.വി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.നിഖില പൌലോസ് | മെഡിക്കൽ ഓഫീസർ.എഫി.എച്ച്.സി,ചെതലയം | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്മിത തോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ഹരിലാൽ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.യു.ഷാജി | മെഡിക്കൽ ഓഫീസർ( ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ.ഷാജി.സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| നിമേഷ് | പട്ടികജാതിവികസനഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 29-04-2022) | 1-1 |
| 2 | ബജറ്റ് കണക്കുകൾ വാസ്തവികമല്ല<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-1-1 |
| 3 | ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 29-04-2022) | 1-1-2 |
| 4 | ബജറ്റിൽ വരുമാനം വർദ്ധനവിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 09-05-2022) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 29-04-2022) | 1-2 |
| 6 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 29-04-2022) | 1-3 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-4 |
| 8 | ഫണ്ട് വിനിയോഗം<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2022) | 1-5 |
| 9 | പദ്ധതി അവലോകനം<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-6 |
| 10 | അയ്യങ്കാളി തൊഴിലുറപ്പ്പദ്ധതി<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 29-04-2022) | 1-7 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 09-05-2022) | 1-8 |
| 12 | ക്യാഷ് ബാലൻസ്.<br>Written By: K.K.Bindu (Asst. Audit Officer, On 02-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-9 |
| 13 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-10 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 09-05-2022) | 1-11 |
| 15 | വാർഷികകണക്കുകൾ തയ്യാറാക്കുന്നതിൽ അപാകതകൾ.<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 09-05-2022) | 1-12 |
| 16 | കുടിവെള്ള പദ്ധതി - ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 30-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-13 |
| 17 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സ്റ്റോക്ക്/ആസ്തി രജിസ്റ്ററും | 1-14 |

| | | |
|---|---|---|
| | അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 30-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | |
| 18 | തെരുവുവിളക്കുകളുടെ കൃത്യമായ കണക്കുകൾ ഇല്ല.<br>Written By: David K.V (Asst. Audit Officer, On 30-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-15 |
| 19 | ഭീമമായ തുക വാടക കുടിശ്ശിക അവശേഷിക്കുന്നു<br>Written By: K.M.Navaz (Asst. Audit Officer, On 01-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 09-05-2022) | 1-16 |
| 20 | ഷോപ്പിംഗ് കോംപ്ളക്സ് മുറികൾ ഒഴിഞ്ഞു കിടക്കുന്നു<br>Written By: K.M.Navaz (Asst. Audit Officer, On 01-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 09-05-2022) | 1-17 |
| 21 | ഇ ടെണ്ടർ നടത്താതെ ക്വട്ടേഷൻ മുഖേന പദ്ധതി നടപ്പിലാക്കി<br>Written By: K.M.Navaz (Asst. Audit Officer, On 01-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-18 |
| 22 | കോസ്റ്റ് ഇൻഡക്സ് വ്യതിയാനവും നിരക്കിലെ വ്യത്യാസവും - കരാറുകർക്ക് ₹1,53,738/- അധിക നൽകി.<br>Written By: David K.V (Asst. Audit Officer, On 30-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2022) | 1-19 |
| 23 | എഴുത്തച്ഛൻ റോഡ് ടാറിംഗ്<br>Written By: David K.V (Asst. Audit Officer, On 30-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 09-05-2022) | 1-19-1 |
| 24 | കപ്പാടി സ്കൂൾ പോസ്റ്റ ഓഫീസ് റോഡ് വീതികൂട്ടി ടാറിംഗ്<br>Written By: David K.V (Asst. Audit Officer, On 30-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-19-2 |
| 25 | പൂളവയൽ ജോസിന്റെ വീട് വരെ ടാറിംഗ്<br>Written By: David K.V (Asst. Audit Officer, On 30-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-19-3 |
| 26 | ചൂര്യൻറോഡ് താഴ്ന്ന ഭാഗം വെള്ളകെട്ട് ഒഴിവാക്കുന്നതിനായി ഉയർത്തി കോൺക്രീറ്റ് ചെയ്യൽ<br>Written By: David K.V (Asst. Audit Officer, On 30-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-19-4 |
| 27 | ദർഘാസ് പത്രപരസ്യം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 29-04-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-20 |
| 28 | നെല്ലുൽപ്പാദകബോണസ്- ചെലവഴിച്ച മുഴുവൻ തുകയും ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ വരവുവന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 02-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 09-05-2022) | 1-21 |
| 29 | ഘടകസ്ഥാപനങ്ങളുടെ ദൈനംദിനചെലവുകൾ -രേഖകൾ സൂക്ഷിക്കുന്നതിൽ അപാകങ്ങൾ.<br>Written By: K.K.Bindu (Asst. Audit Officer, On 02-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 09-05-2022) | 1-22 |
| 30 | ലൈഫ് ഭവനപദ്ധതി-പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 02-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-23 |
| 31 | തനതുഫണ്ടിൽ നിന്നും തുകകൾ അനുവദിച്ചതിന്റെ യഥാർത്ഥചെലവുരേഖകൾ ഫയലിൽ ഇല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 02-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 09-05-2022) | 1-24 |
| 32 | വെറ്റിനറി സർജൻ പദ്ധതി നടത്തിപ്പ് അപാകതകൾ<br>Written By: K.M.Navaz (Asst. Audit Officer, On 01-05-2022) | 1-25 |

| | | |
|---|---|---|
| | Last Updated By: Anoop Vijai N (Computer Assistant, On 01-07-2022) | |
| 33 | സൗഭാഗ്യ ലോൺ തിരിച്ചടവ്-അടക്കുന്ന തുകയിൽനിന്ന് പിഴപ്പലിശയിനത്തിൽ നഷ്ടം.<br>Written By: K.K.Bindu (Asst. Audit Officer, On 02-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2022) | 1-26 |
| 34 | വസ്തുനികുതി നിർണ്ണയം മുഴുവൻ വിസ്തീർണ്ണത്തിനും നികുതി ഈടാക്കിയിട്ടില്ല - ₹ 1,36,304.00 നഷ്ടം<br>Written By: Ali Akbar. K (Asst. Audit Officer, On 03-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-27 |
| 35 | വസ്തുനികുതി നിർണ്ണയിക്കുന്നതിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കുന്നില്ല – നഗരസഭ വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 03-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2022) | 1-28 |
| 36 | പാർക്കിംഗിനുള്ള സ്ഥലത്ത് കെട്ടിടങ്ങൾ നിർമ്മിച്ച് ഒക്യുപ്പൻസി നൽകി വ്യക്തമായ ചട്ട ലംഘനം നടത്തുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 03-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-29 |
| 37 | വസ്തുനികുതി നിർണ്ണയിക്കുന്നതില് - ക്വാർട്ടേഴ്സുകൾ/ഫ്ലാറ്റുകൾ കുറഞ്ഞ റേറ്റിൽ നികുതി പിരിക്കുന്നു – നഗരസഭ വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 03-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-30 |
| 38 | പാർക്കിംഗ് സ്ഥലമായി ഷോപ്പ് കാണിക്കുന്നു- വസ്തു നികുതിയിൽ നഷ്ടം സംഭവിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 03-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-31 |
| 39 | വസ്തു നികുതി - കുടിശ്ശിക മുഴുവൻ പിരിച്ചെടുത്തിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 03-05-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 03-05-2022) | 1-32 |
| 40 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് ചട്ടപ്രകാരമുള്ള സമയ പരിധി പാലിക്കുന്നില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 03-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-33 |
| 41 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന് വാങ്ങൽ- തുക തിരികെ അടവാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 03-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-34 |
| 42 | പെയിൻ & പാലിയേറ്റീവ് കെയർ - മരുന്നുകളുടെ ഇൻവോയിസ് ലഭ്യമായിട്ടില്ല- ₹ 3,44,242.00 തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 03-05-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 03-05-2022) | 1-35 |
| 43 | തൊഴിൽ നികുതി -പൊതു അപാകതകൾ- സംബന്ധിച്ച്<br>Written By: Vipinchandran.M.T (Auditor, On 04-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2022) | 1-36 |
| 44 | ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുള്ള ലൈസൻസ് -പൊതു അപാകതകൾ<br>Written By: Vipinchandran.M.T (Auditor, On 04-05-2022)<br>Last Updated By: Vipinchandran.M.T (Auditor, On 23-05-2022) | 1-37 |
| 45 | എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പഠന ക്യാമ്പ്-കുട്ടികൾക്കുള്ള ലഘുഭക്ഷണത്തിന്റെ നിരക്ക് സംബന്ധിച്ച്- | 1-38 |

| | | |
|---|---|---|
| | Written By: Leelakrishnan.N.M (Audit Officer, On 04-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | |
| 46 | തിങ്കവന്ത് -തനത് കലാ പരിശീലനം(പ്രോ.നം.625/21) -നിർവഹണം സംബന്ധിച്ച്<br>Written By: Leelakrishnan.N.M (Audit Officer, On 04-05-2022)<br>Last Updated By: Leelakrishnan.N.M (Audit Officer, On 04-05-2022) | 1-39 |
| 47 | കോവിഡ് 19 -ഏകോപനവും നിയന്ത്രണവും-നഗരസഭ അഭിനന്ദനാർഹമായ രീതിയിൽ പ്രവർത്തിച്ചു.<br>Written By: K.K.Bindu (Asst. Audit Officer, On 02-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 1-40 |
| | **ഭാഗം 2** | |
| 1 | വസ്തുനികുതി നിർണ്ണയം മുഴുവൻ വിസ്തീർണ്ണത്തിനും നികുതി ഈടാക്കിയിട്ടില്ല - ₹ 1,36,304.00 നഷ്ടം സംഭവിച്ചു.<br>Written By: Ali Akbar. K (Asst. Audit Officer, On 21-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 04-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.K.Bindu (Asst. Audit Officer, On 04-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 04-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 04-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 04-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 04-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 04-05-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: K.K.Bindu (Asst. Audit Officer, On 04-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.K.Bindu (Asst. Audit Officer, On 04-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.K.Bindu (Asst. Audit Officer, On 04-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 04-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.K.Bindu (Asst. Audit Officer, On 04-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 04-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.K.Bindu (Asst. Audit Officer, On 06-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 04-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 04-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.K.Bindu (Asst. Audit Officer, On 04-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-06-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2020-21 ബജറ്റ് 24.03.20 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ്19.02.21 ലെ ഒന്നാംനമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| ഇനം | യഥാർത്ഥബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 22107791 | 32197840 |
| വരവ് | 418529300 | 543392088 |
| ആകെ | 440637091 | 575589928 |
| ചെലവ് | 434864100 | 559064650 |
| നീക്കിയിരിപ്പ് | 5772991 | 16525278 |

### 1-1-1 ബജറ്റ് കണക്കുകൾ വാസ്തവികമല്ല

1994-ലെ കേരള മുൻസിപ്പാലിറ്റി നിയമം 293-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. സുൽത്താൻബത്തേരി നഗരസഭയുടെ ബജറ്റ് എസ്റ്റിമേറ്റിനോടൊപ്പം കുറിപ്പുകളും വിശദീകരണങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ യഥാർത്ഥ വരവ് -ചെലവുകൾ കൂടി പരിഗണിച്ചാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ മുൻവർഷങ്ങളിൽ വിവിധ വരവിനങ്ങളിൽ ലഭിച്ച തുകയും ചെലവ് തുകയും പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ചുവടെ കൊടുത്തിരിക്കുന്ന താരതമ്യത്തിൽ നിന്ന് വ്യക്തമാണ്. കില തയ്യാറാക്കുന്ന ഒരു ടൂൾ വെച്ചാണ് ബജറ്റ് തയ്യാറാക്കുന്നത്. നഗരസഭയിൽ അക്കൗണ്ടന്റ് തസ്തിക നിലവിൽ ഇല്ലാത്തത് ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

### 1-1-2 ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

1994-ലെ നഗരസഭ ആക്ട് 285-ാം വകുപ്പ് പ്രകാരം നഗരസഭ സെക്രട്ടറി ഓരോ വർഷവും ജനുവരി 15-ാം തീയതിക്കോ അതിനു മുൻപോ അടുത്ത വർഷത്തെ വരവു ചെലവു കണക്കുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ സെക്രട്ടറി സമർപ്പിച്ചത് 18.03.20-നാണ്. അതേ ദിവസം തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും സ്റ്റാന്റിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് നിർദ്ദേശം നൽകിയിട്ടില്ല എന്ന് കണ്ടു.

2007-ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ) ചട്ടം 63 പ്രകാരം താഴെ പറയുന്ന രേഖകൾ ബജറ്റ് എസ്റ്റിമേറ്റിനോട് കൂടി ഉണ്ടാകേണ്ടതാണ്.

1. Estimate Of Revenue Income.
2. Estimate Of Revenue Expenditure.
3. Estimate Of Capital Receipts.
4. Estimate Of Capital Expenditure.
5. Estimate Of Loans Repayment.
6. Estimate Of Loans And Advances.
7. Estimate Of Deposits And Recoveries.
8. Estimate Of Investments.

മേൽ പറഞ്ഞ രേഖകൾ ബജറ്റ് ഫയലിൽ ഇല്ല.

### 1-1-3 ബജറ്റിൽ വരുമാനം വർദ്ധനവിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

നികുതി പിരിവ് പുരോഗതി സംബന്ധിച്ച് സു.ബത്തേരി നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ചർച്ച ചെയ്തിട്ടില്ല. പുതിയ വരവിനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രായോഗിക വിശകലനങ്ങൾ നടന്നിട്ടില്ലെന്ന് കാണുന്നു.

നഗരസഭ നൽകുന്ന വിവിധ സേവനങ്ങളെ അടിസ്ഥാനമാക്കി സേവന ഉപനികുതി ഈടാക്കുന്നത് ഉൾപ്പെടെയുള്ള സാധ്യത പരിശോധിച്ചതായി കാണുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതര വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്.ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല.

ബജറ്റിനു പ്രത്യേകമായി സോഫ്റ്റ് വെയർ തയ്യാറാക്കി സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യേണ്ടതാണ്. സാംഖ്യയിൽ നിന്നും ബജറ്റ് രൂപീകരിക്കുന്നതിന് മോഡ്യൂൾ രൂപീകരിച്ച് ബജറ്റും ഡബിൾ എൻട്രി അടിസ്ഥാനത്തിലേക്ക് മാറ്റേണ്ടതാണ്.

1994-ലെ കേരള മുൻസിപ്പാലിറ്റി നിയമം 214-ാം വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കണം.

നഗരസഭയുടെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശം, നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് നഗരസഭ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.നഗരസഭയിൽ അക്കൗണ്ടന്റ് തസ്തിക രൂപീകരിക്കേണ്ടതാണ്.

സെക്രട്ടറി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമിക കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. ജനുവരി 15-നുള്ളിൽ സെക്രട്ടറി ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ബജറ്റ് നിർദ്ദേശം പരിശോധിക്കേണ്ടതാണ്. വാർഡ്സഭ/വാർഡ് കമ്മിറ്റികളിൽ നിന്നും വർക്കിംഗ് ഗ്രൂപ്പ് തുടങ്ങിയവയിൽ നിന്നും ഉയർന്നു വരുന്ന ജനാഭിലാഷങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

ബജറ്റ് എസ്റ്റിമേറ്റിനോട് കൂടെ നിയമപ്രകാരം ഉണ്ടാകേണ്ട രേഖകൾ ഉണ്ടോ എന്ന് സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബജറ്റ് ഭരണ സമിതിക്ക് നൽകുന്നതിന് മുൻപ് ഉറപ്പ് വരുത്തേണ്ടതാണ്.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നഗരസഭ പരിധിയിലെ കേബിൾ ടി.വി നെറ്റ് വർക്കുകളിൽ നിന്നും സ്പെഷ്യൽ ഫീ ഈടാക്കാൻ പറ്റുമോ എന്ന് പരിശോധിക്കേണ്ടതാണ്.

നഗരസഭ പരിധിയിലെ ടൂറിസം സ്പോട്ടുകളുടെ ഡാറ്റ ബേസ് തയ്യാറാക്കേണ്ടതും വരുമാനം ലഭിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് നഗരസഭ ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 11.4.22 -18.4.22 | |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 46843958 |
| വരവ് | 237803960 |
| ആകെ | 284647918 |
| ചെലവ് | 248612653 |
| നീക്കിയിരിപ്പ് | 36,035,265 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി/ലാപ്സ്ഡ് തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (AFSപ്രകാരം) | - | 26164127 | 26164127 | 26164127 | 0 |
| വികസന ഫണ്ട്- എസ്.സി.പി (AFSപ്രകാരം) | - | 6595000 | 6595000 | 6390574 | 204426 |
| വികസന ഫണ്ട്- ടി.എസ്.പി (AFSപ്രകാരം) | - | 21173416 | 21173416 | 17695811 | 3477605 |
| മെയിന്റനൻസ്, റോഡ്(AFSപ്രകാരം) | - | 32774100 | 32774100 | 32690668 | 83432 |
| മെയിന്റനൻസ്, നോൺ-റോഡ് (AFSപ്രകാരം) | - | 7690421 | 7690421 | 7658863 | 31588 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (AFSപ്രകാരം) | - | 30590172 | 30590172 | 13937645 | 16652527 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 8928451 | 20045079 | 28973530 | 19433000 | 9540530 |
| തനത് ഫണ്ട് | 7685078 | 36622366 | 44307444 | 25315836 | 18991607 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 618 | 305420254 | 343 | 154617139 | - | 275 | 56% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവേദം | 7 | 7 | 1600000 | 1600000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 2 | 710000 | 594900 | 83.79 |
| | | | | | |
| കൃഷി ഓഫീസർ | 14 | 7 | 9521580 | 7209761 | 75.72 |
| ടി.ഇ.ഒ | 2 | 1 | 850000 | 485925 | 57.17 |
| സെക്രട്ടറി, നഗരസഭ | 37 | 20 | 52455422 | 25442625 | 48.50 |
| വെറ്ററിനറി സർജൻ | 9 | 7 | 4915450 | 1025768 | 20.87 |
| ഡെപ്യൂട്ടി ക്ഷീരവികസനം | 4 | 4 | 3772860 | 840858 | 22.29 |
| മുനിസിപ്പൽ എഞ്ചിനീയർ | 509 | 273 | 205464680 | 101713949 | 49.50 |

| | | | | | |
|---|---|---|---|---|---|
| ICDS സൂപ്പർ വൈസർ | 7 | 2 | 14928800 | 12328956 | 82.59 |
| പ്രിൻസിപ്പൽ ഹയർ സെക്കണ്ടറി | 12 | 4 | 4523356 | 2715049 | 60.02 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.എസ്.സി | 13 | 13 | 4338186 | 2692694 | 62.07 |
| എസ്.സി.ഡി.ഒ | 1 | 1 | 500000 | 250000 | 50 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | | | |

## 1-7 അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | | | 421500 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 219249 | 12500000<br>(38266, Interest) | 12757515 | 9388162 | |
| മെറ്റീരിയൽസ് | | | | 1574900 | |
| | | | | 11384562 | 1372953 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1600 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 6772000 | 494 |
| വിധവാപെൻഷൻ | 25268000 | 1769 |
| വാർദ്ധക്യകാലപെൻഷൻ | 34185000 | 2685 |
| വികലാംഗപെൻഷൻ | 7011900 | 452 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 0 |

## 1-9 ക്യാഷ് ബാലൻസ്.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന .

19.04.22തീയ്യതിയിൽ 2.30 മണിയ്ക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 78234/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിയമപരമായി ചെയ്യേണ്ട പല നടപടിക്രമങ്ങളും പാലിക്കാതെയാണ് 2020-21 ലെ നഗരസഭാനടത്തിപ്പ് സാധ്യമായത്.എന്നിരുന്നാലും 2020-21 ലെ വിവിധമേഖലകളിലെ പ്രവർത്തനമികവ് മുൻനിർത്തി 2021-22 വർഷം ഏറ്റവും നല്ല നഗരസഭക്കുള്ള സ്വരാജ് ട്രോഫി നഗരസഭ നേടിയെടുത്തത് അഭിനന്ദനാർഹമാണ്.

മാലിന്യനിർമ്മാർജ്ജനത്തിൽ മറ്റ നഗരസഭകൾക്ക് മാതൃകയാവുന്ന രീതിയിൽ നഗരസഭ പ്രവർത്തിക്കുന്നുണ്ട്.

കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുന്നതിന് നഗരസഭ ശ്രദ്ധിച്ചിട്ടുണ്ട്.

ഘടകസ്ഥാപനങ്ങളുടെ ദൈനംദിനച്ചെലവുകൾ നടത്തുന്നതിൽ സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷൻ 9 സോഫ്റ്റ് വെയറുകൾ (സാംഖ്യ, സഞ്ചയ,സേവന,സുലേഖ, സചിത്ര, സങ്കേതം,സ്ഥാപന, സകർമ്മ, സൂചിക) സു.ബത്തേരി നഗരസഭക്ക് ലഭ്യമാക്കുന്നുണ്ട്.സൂചിക Bulk Inward Posting -ന മാത്രമാണ് ഉപയോഗിക്കുന്നത്. ഫയൽ നീക്കങ്ങൾ രേഖപ്പെടുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും, പേപ്പർലെസ്സ് ഓഫീസിനും സൂചിക ഉപയോഗിക്കുന്നില്ല. പൊതുജനങ്ങൾക്ക് ഫയലുകളുടെ നിജസ്ഥിതി അറിയുന്നതിനുള്ള ടച്ച് സ്ക്രീൻ സംവിധാനം നഗരസഭയിൽ ഏർപ്പെടുത്തിയിട്ടില്ല.

കമ്മിറ്റി തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നില്ല (നഗരസഭ കമ്മിറ്റി മിനിട്ട്സ് ഉൾപ്പെടെ എല്ലാം രജിസ്റ്ററിൽ എഴുതുകയാണ് ചെയ്യുന്നത്). മുൻസിപ്പൽ കൗൺസിൽ ഇതു വരെ അത് സംബന്ധിച്ച തീരുമാനം എടുക്കാത്തതിനാൽ ആണ് നിലവിലും സകർമ്മ ഉപയോഗിക്കാത്തത്. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള സോഫ്റ്റ് വെയർ ആയ സങ്കേതം/IBPMS സോഫ്റ്റ് വെയർ ഉപയോഗിക്കുന്നില്ല.

സചിത്ര സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.2020-21 വർഷം ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടെങ്കിലും നിലവിലും രജിസ്റ്ററിൽ നിർമ്മാണവർഷം . നിർമ്മാണച്ചെലവ്,മെയിന്റനൻസ് വിവരങ്ങൾ എന്നിവയൊന്നും ചേർത്തിട്ടില്ല. 2020-21 ഓൺലൈനായി വസ്തു നികുതി അടവാക്കിയിരിക്കുന്നത് 4% ആളുകൾ മാത്രമാണ്. മറ്റ നികുതി, നികുതിയേതര വരുമാനങ്ങൾ ഓൺലൈനായി അടവാക്കുന്നില്ല.സർക്കാർ ഉത്തരവ് (സാധാ) നം. 540/2019/തസ്വഭവ/06.03.2019 പ്രകാരം നഗരസഭകളിലെ വസ്തു നികുതിപരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.04.2016 ആയി നിജപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, 01.04.2016 മുൻപുള്ള കുടിശ്ശിക തുക അടവാക്കാൻ ഉണഭോക്താക്കൾ വിമുഖത കാണിക്കുന്നുണ്ട്.

കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിന് അനുസരിച്ച നികുതി നിശ്ചയിക്കാത്തതിനാൽ നികുതി വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിയമാനുസൃതമല്ലാതെ ഇളവ് നൽകിയത് മൂലം വർഷങ്ങളായുള്ള വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും വിവിധ വ്യക്തികൾ നിയമാനുസൃതമായ ലേല നടപടികളിലൂടെ കൈവശം വെച്ച വരുന്നതുമായ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ലേല വ്യവസ്ഥകൾക്കും 1998 ലെ കേരള പഞ്ചായത്ത് രാജ് കരാറുകാർക്കും പാട്ടക്കാർക്കും കിഴിവു നൽകൽ ചട്ടങ്ങൾക്കും വിരുദ്ധമായി, പ്രതിമാസ വാടക ഒടുക്കേണ്ട തുകയിൽ ഇളവ് നൽകി ഈടാക്കിയതു കാരണം തനത് ഫണ്ട് വരുമാനത്തിൽ 2006-07 മുതൽ നഷ്ടം സംഭവിച്ച വരുന്നു. 2019-20 വർഷത്തിലും യഥാർത്ഥത്തിൽ ഈടാക്കേണ്ടതിലും കുറഞ്ഞ നിരക്കിൽ തന്നെയാണ് വാടക ഈടാക്കിക്കൊണ്ടിരിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ വ്യാപാരികളും ലൈസൻസ് എടുത്തിട്ടില്ല.പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളിലെ വ്യാപാര സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽഉൾപ്പെട്ടിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളെ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൌതികസാഹചര്യം സംബന്ധിച്ച് വിവരങ്ങൾ അവലോകനം ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കിയതായി കാണുന്നില്ല.

നഗരസഭാപരിധിയിലെ ആരോഗ്യസ്ഥാപനങ്ങൾ ആശുപത്രിവികസനസമിതിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതായി കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | -21-08-2015 | 2014-15 | 25-08-2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-12-2018 To<br>31-12-2018 | 2013-14 To<br>2017-18 | 7-02-2019 |

## 1-12 വാർഷികകണക്കുകൾ തയ്യാറാക്കുന്നതിൽ അപാകതകൾ.

സുൽത്താൻ ബത്തേരിനഗരസഭയുടെ 2020-21വർഷത്തെ വാർഷികകണക്കുകൾ പ്രാഥമിക പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1വികസനഫണ്ട് ടി.എസ്.പിയുടെ വാർഷികകണക്കുകളിലെ വരവുകളും എ.സി.ആർ.പ്രകാരമുള്ള വരവുകളും തമ്മിൽ

പൊരുത്തപ്പെടുന്നില്ല.വിവരം ചുവടെ ചേർക്കുന്നു.

| ഇനം | AFS പ്രകാരം | ACR പ്രകാരം |
|---|---|---|
| വികസനഫണ്ട് ടി.എസ്.പി | 17695811 | 18122691 |

2.വരവിനങ്ങൾക്ക് ഡിമാന്റ് കണക്കാക്കുന്നതിൽ കൃത്യതയില്ല.മുൻവർഷത്തെ ഡിമാന്റിനെക്കാൾ 10 %കൂടുതൽ ഡിമാന്റ് ചെയ്യുന്നു എന്നല്ലാതെ വിവരശേഖരണം നടത്തി ഡിമാന്റ് കണക്കാക്കുന്നില്ല.

3.2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട് ചട്ടങ്ങളിലെ ചാപ്റ്റർ 6,(ചട്ടം 53,54)period End Reconciliation Procedures കൃത്യമായി പാലിക്കുന്നില്ല.പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല.ഡെപ്പോസിറ്റുകൾ ,അഡ്വാൻസുകൾ എന്നിവ റീകൺസിലിയേഷൻ നടത്തുന്നില്ല.ഫിക്സഡ് അസറ്റുകൾ,സ്റ്റോറുകൾ എന്നിവ റീകൺസിലിയേഷൻ നടത്തുകയോ ഭൌതികപരിശോധന നടത്തുകയോ ചെയ്യുന്നില്ല.

4.കേന്ദ്രസംസ്ഥാന ആവിഷ്കൃത പദ്ധതികൾ ,മറ്റ് സ്ഥാപനങ്ങൾ ഏജൻസികൾ ഇവയിൽ നിന്നും ലഭിക്കുന്ന വരവുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നില്ല.ആയതിനാൽ ഇവയുടെ നീക്കിബാക്കി വിവരങ്ങൾ കണക്കുകളിൽ ലഭ്യമല്ല.

5.ആവശ്യത്തിൽ കൂടുതൽ ബാങ്ക് അക്കൌണ്ടുകളും ട്രഷറി അക്കൌണ്ടുകളും സൂക്ഷിക്കുന്നതിനാൽ റീക്കൺസിലിയേഷൻ നടപടികൾ സങ്കീർണ്ണമാകുന്നു.പ്രത്യേക ആവശ്യങ്ങൾക്കായി തുടങ്ങുന്ന ബാങ്ക് അക്കൌണ്ടുകൾ ആവശ്യം കഴിഞ്ഞാൽ ക്ലോസ്സ് ചെയ്യാതെ സൂക്ഷിക്കുന്നതിനാൽ അക്കൌണ്ടുകളുടെ എണ്ണം വർദ്ധിക്കുന്നു.

6.വസ്തുനികുതി-സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടുണ്ടെങ്കിലും മാപ്പിംഗ്,വ്യരിഫിക്കേഷൻ എന്നിവ പൂർത്തിയാകാത്തതിനാൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

7.സ്ഥാപനത്തിൽ ഉപയോഗത്തിലിരിക്കുന്ന വിവിധ സോഫ്റ്റ്വെയറുകളുടെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.സോഫ്റ്റ് വെയറുകളുടെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയാക്കാത്തതിനാൽ വിവിധ റിപ്പോർട്ടുകൾ കിട്ടുന്നതിൽ ഇപ്പോഴും ബുദ്ധിമുട്ട് നേരിടുന്നു.

8. ആസ്തിരജിസ്റ്റർ 2020-21 വരെ കാലികമാക്കിയതായി കാണുന്നുണ്ടെങ്കിലും റോഡുകളുടെ തരം,നിർമ്മാണവർഷം,വാർഷിക ചെലവ് എന്നിങ്ങനെയുള്ള വിവരങ്ങൾ ചേർത്തിട്ടില്ല.ആസ്തിരജിസ്റ്റർ സചിത്രസോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല.ആസ്തിരജിസ്റ്ററിൽ ആസ്തികളുടെ മൂല്യം നിർണ്ണയിച്ചിട്ടില്ല.വാർഷിക കണക്കുകളിൽ ചേർത്തിട്ടുള്ള ആസ്തിമൂല്യം ആസ്തിരജിസ്റ്ററുമായി ബന്ധപ്പെടുന്നില്ല.

9.പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കപ്പെടാതെ തുടരുന്നുണ്ട്.ബാലൻസ് ഷീറ്റിലെ B4-ഷെഡ്യൂളിൽ കാണുന്ന ബാലൻസ് തുകകൾ ഏതൊക്കെയാണെന്നോ ഏത് അക്കൌണ്ടിലാണെന്നോ വിശദീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

10. വായ്പ രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.ആയതിനാൽ വാർഷികകണക്കുകളിലെ വിവരങ്ങൾ ഒത്തുനോക്കുവാൻ സാധിച്ചിട്ടില്ല.

11.നഗരസഭയിലെ വിവിധവിഭാഗങ്ങൾ തമ്മിൽഏകോപനമില്ലാത്തത് അക്കൌണ്ടിംഗിൽ പോരായ്മകൾ വരുത്തുന്നു.വിവിധ നിരവഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിലെ തുകകൾ,നിക്ഷേപപ്രവൃത്തികൾക്ക് നൽകുന്ന തുകകൾ,പാർട്ട് ബില്ലുകൾ എന്നിവ വാർഷികകണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

12.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.9 ൽ ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടുള്ള തുകയിൽരൂപ വസ്തു നികുതിയിനത്തിൽ തനത് ഫണ്ട് വരുമാനമായി കണക്കാക്കേണ്ടതിന് പകരം ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ ഉൾപ്പെടുത്തിയതിനാൽ സ്ഥാപനത്തിൻെറ ഇല്ലാത്ത ബാധ്യതയായി ബാലൻസ് ഷീറ്റിൽ കാണുന്നു.

13.മുൻവർഷത്തെ വാർഷിക ധനകാര്യപത്രികയിൻമേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടില്ല

14. അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

16.ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

17.സ്ഥിര ആസ്തികളിൻമേൽ ഡിപ്രീസിയേഷൻ നൽകിയിട്ടില്ല.

18.അഡ്വാൻസ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

19. തൊഴിൽ നികുതി, വസ്തു നികുതി, കെട്ടിട വാടക, ബിൽഡിംഗ് പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ, ടെണ്ടർ ഫോറം വിൽപ്പന ഡി&ഒ ലൈസൻസ് ഫീസ് എന്നിവയുടെ സംക്ഷിപ്തം എന്നിവ വാർഷികകണ്കകുകളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

20.ആസ്തി രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ല.അതുകൊണ്ട് തന്നെ വാർഷികകണക്കുകളിലെ ഈയിനത്തിലെ തുകകൾ ഒത്തുനോക്കുവാൻ സാധിച്ചിട്ടില്ല.

21. B-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. B4 ഷെഡ്യൂളും B-17 ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല.

22.വാർഷികകണക്കുകളിലെ റവന്യൂ ചെലവുകളും ക്യാപിറ്റൽ ചെലവുകളും കൃത്യമായി വേർതിരിച്ചുനൽകാത്തതുകൊണ്ടും ഡിപ്രിസിയേഷൻ രേഖകളില്ലാതെ നൽകുന്നതുകൊണ്ടും ആസ്തിമൂല്യം കണക്കാക്കാത്തതുകൊണ്ടും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ Deficit/Surplus പ്രതിഫലിപ്പിക്കുന്നില്ല.ബാലൻസ് ഷീറ്റിൽ പ്രതിഫലിപ്പിക്കുന്ന ആസ്തിബാദ്ധ്യതാവിവരങ്ങൾ പൂർണ്ണമല്ല.

23.വിവിധബാങ്ക് അക്കൌണ്ടുകൾ റീകൺസിലിയേഷൻ നടത്തിയത് ശരിയല്ല.

A.Union Bank Of India Ownfund അക്കൌണ്ടിന്റെ റീകൺസിലിയേഷനിൽ Cheques Issued But Not Presented Into Bank ആയികാണിച്ചിരിക്കുന്ന 11782493 രൂപയുടെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

B.Treasury LGTSB അക്കൌണ്ടിലെ റീകൺസിലിയേഷനിൽ ബാങ്ക് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് 1000000രൂപയാണ് കാണിച്ചിരിക്കുന്നത്.എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിലെ യഥാർത്ഥനീക്കിയിരിപ്പ് 10209890 രൂപയാണ്.

C.കേരളഗ്രാമീണബാങ്ക് .പി.എം.എ.വൈ അക്കൌണ്ടിന്റെ റീകൺസിലിയേഷനിൽ Cheques Issued But Not Presented Into Bank ആയികാണിച്ചിരിക്കുന്ന 386247969 രൂപയുടെ വിവരങ്ങൾ പരിശോധിച്ചതിൽ 16.12.2017 മുതൽ ഇഷ്യൂ ചെയ്ത ചെക്കുകളുടെ വിവരം കാണിച്ചിട്ടുണ്ട്.ഇതുപോലെ പല അക്കൌണ്ടുകളുടെയും റീകൺസിലിയേഷനിൽ Cheques Issued But Not Presented Into Bank ആയി കാണിച്ചിരിക്കുന്നത് മൂന്ന് മാസത്തിന് മുൻപ് നൽകിയ ചെക്കുകൾ ഉൾപ്പെടെയാണ്.മൂന്ന് മാസത്തിലധികമായി മാറാത്ത ചെക്കുകൾ Stale Cheques എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

D.SCB Ownfund അക്കൌണ്ടിന്റെ റീകൺസിലിയേഷനിൽ Cheques Issued But Not Presented Into Bank ആയികാണിച്ചിരിക്കുന്ന 141533553 രൂപയുടെ വിവരങ്ങൾ ഹാജരാക്കിയില്ല.റീകൺസിലിയേഷനിൽ Closing Balance As Per Bank Statement കാണിച്ചിരിക്കുന്നത് ശരിയല്ല.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 കുടിവെള്ള പദ്ധതി - ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടില്ല.

നഗരസഭ നൻവർഷം നടപ്പിലാക്കിയ വട്ടത്തിമൂല കുടിവെള്ള പദ്ധതി നവീകരണം എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടില്ല. പ്രോജക്ട് രേഖപ്രകാരം ₹17,500/- ഗുണഭോക്തൃ വിഹിതമായി സ്ഥാപനത്തിൽ അടയ്ക്കേണ്ടതാണ്.

പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0236/20 |
| അടങ്കൽ & ഫണ്ട് | ₹1,75,000/-(തനത് ഫണ്ട്)<br>₹17,500/- (ഗിണഭോക്തൃ വിഹിതം സ്ഥാപനത്തിൽ നേരിട്ടടയ്ക്കുന്നത്)<br>ആകെ : ₹1,92,500/- |
| ചെലവ് | ₹1,16,590/- (വൗച്ചർ നം. 87/20-21, 05.07.2020) |
| കരാർ നമ്പർ & തീയതി | AE/SBY/182/2019-20, 03.03.2020 |
| കരാറുകാരൻ | ശ്രീ. കെ.പി. ഉണ്ണികൃഷ്ണൻ |
| അളവ് പുസ്തക നമ്പർ | 737/18-19 |

കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത മേൽ മരാമത്ത് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം ₹1,15,665/- ആണ്. ആയതിനോട് 12% ജി.എസ്.ടി. കൂട്ടിയതിന് ശേഷം അതിൽ നിന്നു 10% ഗുണഭോക്തൃ വിഹിതം കുറവ് ചെയ്ത് ബാക്കി തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്.

പ്രവൃത്തിയുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 1,15,665 |
| കൂട്ടുക: 12% ജി.എസ്.ടി | 13880 |
| ആകെ | 129545 |

| | |
|---|---|
| കുറയ്ക്കുക : 10% ഗുണഭോക്തൃ വിഹിതം | 12955 |
| ബാക്കി | 116590 |
| കുറയ്ക്കുക : ഐ.ടി. & ക്ഷേമനിധി | 2332 |
| കരാറുകരാരന് നൽകിയ തുക | 114258 (യൂണിയൻ ബാങ്ക് - ചെക്ക് നം. 147902/08.07.2020) |

ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാത്തതിനും കരാറുകരാരന് മുഴുവൻ തുക നൽകാത്തതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 30/20-21, തീയതി 27/04/2022).കരാറുകാരന് നൽകിയ തുകയിൽ നിന്നും 2% ജി.എസ്.റ്റിയും കുറവ് ചെയ്തിട്ടില്ല. പ്രവൃത്തിയുടെ ചെലവ് തുക ₹1,16,590/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാത്തതിനും 2%ജി.എസ്.റ്റി പിടിക്കാത്തതിനും കരാറുകരാരന് മുഴുവൻ തുക നൽകാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സ്റ്റോക്ക്/ആസ്തി രജിസ്റ്ററും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല.

തൻവർഷം പ്രോജക്ട് നമ്പർ എസ്.0674/21 പ്രകാരം തനത് ഫണ്ട് വിനിയോഗിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയർ നഗരസഭ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | തുക | വൗച്ചർ നം. , തീയതി | വാങ്ങിയ ഉപകരണങ്ങൾ | ഏജൻസി |
|---|---|---|---|---|
| 1 | ₹140986/- | 193/20-21, 18.12.20 | 5 പ്രിന്ററുകൾ | GEM |
| 2 | ₹605125/- | 191/20-21, 18.12.20 | 13 ഡസ്ക് ടോപ്പുകൾ, 4 പ്രിന്ററുകൾ | Keltron |
| 3 | ₹420720/- | 192/20-21, 18.12.20 | 13 ഡസ്ക് ടോപ്പുകൾ | Keltron |
| ആകെ | ₹11,66,831/- | | | |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. മേൽ പറഞ്ഞ ഉപകരണങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സ്റ്റോക്ക്/ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2. മേൽ വാങ്ങലിന്റെ ആവശ്യകത നിർണ്ണയിച്ചത് സംബന്ധിച്ച് രേഖ ഹാജരാക്കിയിട്ടില്ല.

3. പർച്ചേസ് കമ്മിറ്റി മിനുട്ട്സ് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 32/20-21, തീയതി 29/04/2022 -ന് മറുപടി നൽകിയിട്ടില്ല. ആകെ ചെലവ് തുക ₹11,66,831/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 തെരുവുവിളക്കുകളുടെ കൃത്യമായ കണക്കുകൾ ഇല്ല.

ടെണ്ടർ മുഖേനയും അംഗീകൃത ഏജൻസി മുഖേനയും തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി തൻവർഷം നഗരസഭയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയർ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് തുക, വൗച്ചർ നം | നിർവ്വഹണ രീതി |
|---|---|---|---|---|
| 1 | എസ്.0087/19, 24-ാം ഡിവിഷനിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | ₹1,00,000/- (ധനകര്യ കമ്മീഷൻ ഗ്രാന്റ്) | ₹1,00,000/- (72/20-21, 18.05.2020) | ടെണ്ടർ (സോമൻ കെ.) |
| 2 | എസ്.0549/19, 23-ാം ഡിവിഷനിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | ₹1,00,000/- (തനത് ഫണ്ട്) | ₹1,00,000/- (109/2021, 30.09.2020) | ടെണ്ടർ (സോമൻ കെ.) |
| 3 | എസ്.0083/19, 22-ാം ഡിവിഷനിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | ₹1,00,000/- (ധനകര്യ കമ്മീഷൻ ഗ്രാന്റ്) | ₹1,00,000/- (74/20-21, 18.05.2020) | ടെണ്ടർ (സോമൻ കെ.) |
| 4 | എസ്.0062/19, 15-ാം ഡിവിഷനിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | ₹1,00,000/- (ധനകര്യ കമ്മീഷൻ ഗ്രാന്റ്) | ₹1,00,000/- (73/20-21, | ടെണ്ടർ |

| | | | | |
|---|---|---|---|---|
| | | | 18.05.2020) | (സോമൻ കെ.) |
| 5 | എസ്.0092/19, എസ്. റ്റി. കോളനികളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | ₹4,90,000/- (വികസന ഫണ്ട്) | ₹4,75,000/- (119/20-21, 14.10.2020) | ടെണ്ടർ (സോമൻ കെ.) |
| 6 | എസ്.0384/21, 34-ാം ഡിവിഷനിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | ₹75,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹74,000/- (158/20-21, 25.11.2020) | ടെണ്ടർ (മൊയ്തു) |
| 7 | എസ്.0378/21, 35-ാം ഡിവിഷനിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | ₹50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹50,000/- (157/20-21, 25.11.2020) | ടെണ്ടർ (മൊയ്തു) |
| 8 | എസ്.0458/21, 33-ാം ഡിവിഷനിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | ₹1,29,310/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹1,28,700/- (156/20-21, 25.11.2020) | ടെണ്ടർ (മൊയ്തു) |
| 9 | എസ്.0208/21, 4-ാം ഡിവിഷനിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | ₹1,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹1,50,000/- (355/20-21, 31.03.2021) | അംഗീകൃത ഏജൻസി (കെ.ഇ.എൽ) |
| 10 | എസ്.0228/21, 13-ാം ഡിവിഷനിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | ₹50,000/- (തനത് ഫണ്ട്) | ₹48,000/- (356/20-21, 31.03.2021) | അംഗീകൃത ഏജൻസി (കെ.ഇ.എൽ) |
| 11 | എസ്.0545/21, തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കൽ | ₹25,20,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹19,00,000/- (159/20-21, 25.11.2020) ₹5,10,000/- (299/20-21, 26.02.2021) | അംഗീകൃത ഏജൻസി (കെ.ഇ.എൽ) |
| | ആകെ ചെലവ് തുക | | ₹37,35,700/- | |

പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. തെരുവുവിളക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം എവിടെയൊക്കെയാണ് തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. മുമ്പ് അവിടെ വിളക്കുകൾ ഉണ്ടായിരുന്നോ പുതിയതായി സ്ഥാപിക്കുന്നതാണോ എന്ന കാര്യങ്ങളും ലഭ്യമല്ല.

2. പുതിയതായി സ്ഥാപിച്ച തെരുവുവിളക്കുകൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. പർച്ചേസ് കമ്മിറ്റിയുടെ മിനുട്ട്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. മേൽ പട്ടികയിൽ ക്രമ നമ്പർ ഒന്ന് മുതൽ ഏഴ് വരെയുള്ള വാങ്ങലുകളുടെ ബിൽ (ടാക്സ് ഇൻവോയ്സ്) ഹാജരാക്കിയിട്ടില്ല.

5. തെരുവുവിളക്കുകൾ വാങ്ങുന്നതിന് നഗരസഭ തലത്തിൽ ഒരു പ്രോജക്ട് തയ്യാറാക്കേണ്ടതിന് പകരം ഡിവിഷൻ തലത്തിൽ പ്രോജക്ടുകൾ തയ്യാറാക്കി പലപ്പോഴായി വാങ്ങി. ഒരു വർഷത്തേക്കുള്ള പർച്ചേസ് ഒന്നിച്ച് നടത്തണമെന്ന സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥക്ക് വിരുദ്ധമാണിത്. ടെണ്ടർ മുഖേനയുള്ള വാങ്ങലിന്റെ കാര്യത്തിൽ ഒന്നിച്ച് വാങ്ങൽ നടത്താത്തതിനാൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾ ഇ - ടെണ്ടർ മുഖേന നടത്തണമെന്ന നിബന്ധനയും പാലിക്കപ്പെട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 31/20-21, തീയതി 28/04/2022 -ന് മറുപടി നൽകിയിട്ടില്ല. തെരുവുവിളക്കുകൾ സ്ഥാപിക്കൽ പ്രോജക്ടുകളുടെ ആകെ തുക ₹37,35,700/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-16 ഭീമമായ തുക വാടക കുടിശ്ശിക അവശേഷിക്കുന്നു

1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം 539(2) വകുപ്പനുസരിച്ച് യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ചമൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥരുടെയോ വീഴ്ചമൂലമാണെന്ന്

കാണുകയും ചെയ്താൽ അങ്ങനെ നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

നഗരസഭയുടെ വാടക കുടിശ്ശിക രജിസ്റ്റർ പ്രകാരം 1985 വർഷം മുതൽ ആകെ ₹61,23,244/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

നഗരസഭ രൂപീകരിക്കപ്പെട്ട 2015-16 വർഷം മുതലുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2015-16 | 189553 |
| 2 | 2016-17 | 53571 |
| 3 | 2017-18 | 22694 |
| 4 | 2018-19 | 158419 |
| 5 | 2019-20 | 1213245 |
| 6 | 2020-21 | 24,51,834 |
| ആകെ തുക | | ₹40,89,316 |

മേൽ പറഞ്ഞതിന് പുറമേ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും വിവിധ വ്യക്തികൾക്ക് നിയമാനുസൃതമായ ലേല നടപടികളിലൂടെ കൈവശം വച്ച് വരുന്നതുമായ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ലേല വ്യവസ്ഥകൾക്കും 1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങൾക്കും വിരുദ്ധമായി, പ്രതിമാസ വാടക ഒടുക്കേണ്ട തുകയിൽ ഇളവ് നൽകി ഈടാക്കിയത് കാരണം തനത് ഫണ്ട് വരുമാനത്തിൽ 2006-07 മുതൽ നഷ്ടം സംഭവിച്ചത് സംബന്ധിച്ച് നഗരസഭയുടെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. നിയമാനുസൃതമല്ലാതെ ഇളവ് നൽകിയത് പ്രകാരമുള്ള കുറഞ്ഞ നിരക്കിലാണ് കെട്ടിട വാടക നിലവിലും ഈടാക്കി വരുന്നത്. ഇതുമൂലം നാളിതുവരെയുണ്ടായ വാടക കുടിശ്ശികയും ഈടാക്കിയിട്ടില്ല. വാടക കുടിശ്ശിക പിരിച്ചെടുക്കാൻ

തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 ഷോപ്പിംഗ് കോംപ്ളക്സ് മുറികൾ ഒഴിഞ്ഞു കിടക്കുന്നു

സുൽത്താൻ ബത്തേരി നഗരസഭയുടെ 2020-21 ലെ കെട്ടിട വാടക പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പല മുറികളും ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. പല തവണ ലേലം

ചെയ്തെങ്കിലും മുറികൾ ലേലത്തിൽ പോയിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന മുറികൾ സംബന്ധിച്ച വിവരങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിടം | റൂം നമ്പർ |
|---|---|---|
| 1 | ലൈബ്രറി കെട്ടിടം | 2 |
| 2 | ലൈബ്രറി കെട്ടിടം | 8 |
| 3 | പഴയ ബസ്റ്റാന്റ് കെട്ടിടം | 58 |
| 4 | പഴയ ബസ്റ്റാന്റ് കെട്ടിടം | 76 |

| | | |
|---|---|---|
| 5 | ഈസ്റ്റേൺ ടൂറിസ്റ്റ് ഹോം | 112 |
| 6 | ഈസ്റ്റേൺ ടൂറിസ്റ്റ് ഹോം | 115 |
| 7 | ഈസ്റ്റേൺ ടൂറിസ്റ്റ് ഹോം | 116 |
| 8 | ഈസ്റ്റേൺ ടൂറിസ്റ്റ് ഹോം | 125 |
| 9 | കോട്ടക്കുന്ന് ഷോപ്പിംഗ് കോംപ്ലക്സ് | 170 |
| 10 | യാത്രീ നിവാസ് | |

മേൽ പരാമർശിച്ച മുറികൾ വാടകയ്ക്ക് നൽകാനും അതുവഴി നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഇ ടെണ്ടർ നടത്താതെ ക്വട്ടേഷൻ മുഖേന പദ്ധതി നടപ്പിലാക്കി

അങ്കണവാടികൾ സ്മാർട്ടാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയിൽ പ്രൊക്യുയർമെന്റ് നിയമങ്ങൾ പാലിച്ചിട്ടില്ല.5ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള പദ്ധതികൾ ഇ-ടെണ്ടർ മുഖേന മാത്രമാണ് വാങ്ങാവുന്നത് എന്ന് സ.ഉ(എം.എസ്)നം.13/2015/ITD തീയതി 12.05.2015 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.താഴെപ്പറയുന്ന പദ്ധതികളിൽ ഇത് പാലിക്കപ്പെട്ടിട്ടില്ല.

നിർവ്വഹണം -ഐസിഡിഎസ് സൂപ്പർവൈസർ

പ്രോജക്ട് നം 597/20-21 സ്പിൽ ഓവർ

അംഗനവാടികൾക്ക് സ്മാർട്ട് ഫർണ്ണിച്ചർ

അടങ്കൽ 6,00,000( MG Non Road)

ചെലവ് 6,00,000(bill 1/8.4.20 309986 രൂപ , Bill 2/9.4.20 290014 രൂപ )

സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനം ARTCO Ltd കോഴിക്കോട്. മേൽ പദ്ധതി ക്വട്ടേഷൻ മുഖേനയാണ് നടപ്പിലാക്കിയത്. നഗരസഭകളിൽ 50,000 രൂപ വരെയുള്ള വാങ്ങലുകൾ മാത്രമേ ക്വട്ടേഷൻ മുഖേന നടപ്പിലാക്കാനാവൂ. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-19 കോസ്റ്റ് ഇൻഡക്സ് വ്യതിയാനവും നിരക്കിലെ വ്യത്യാസവും - കരാറുകർക്ക് ₹1,53,738/- അധിക നൽകി.

01.10.2017, 26.03.2019 – എന്നീ തീയതികളിൽ മരാമത്ത് പ്രവൃത്തികളുടെ കോസ്റ്റ് ഇൻഡക്സ് സർക്കാർ പുതുക്കിയിട്ടുണ്ട്. ആയത് അനുസരിച്ച് വയനാട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് യഥാക്രമം 143.14% ത്തിൽ നിന്നും 138.24% ആയും 138.24% നിന്നും 132.04% ആയി കുറച്ചിട്ടുണ്ട്. ആയതിന് പുറമേ ചില നിർമ്മാണ വസ്തുക്കളുടെ നിരക്കിലും വ്യത്യാസമുണ്ടായിട്ടുണ്ട്. കോസ്റ്റ് ഇൻഡക്സ് പുതുക്കുന്നതിന് മുമ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ നടത്തിയ ചില പ്രവൃത്തികളുടെ കരാർ കോസ്റ്റ് ഇൻഡക്സ് പുതുക്കിയതിന് ശേഷമാണ് ചമച്ചിട്ടുള്ളത്. കരാർ ചമയ്ക്കുന്ന സമയത്ത് കോസ്റ്റ് ഇൻഡക്സിൽ മാറ്റം വന്നിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതിയ കോസ്റ്റ് ഇൻഡക്സും നിരക്കുകളും പ്രകാരം പുതുക്കിയിട്ടില്ല. ആയതിന് പുറമേ ഉഭയകക്ഷി കരാർ പ്രകാരം കരാറുകാർ ഏറ്റെടുത്തിട്ടുള്ള ചില പ്രവൃത്തികൾ കരാർ പ്രകാരം പ്രവൃത്തി ആരംഭിക്കേണ്ട സമയത്ത് ആരംഭിച്ചിട്ടില്ല. കോസ്റ്റ് ഇൻഡക്സ് പരിഷ്കരിച്ചതിന് ശേഷം പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർക്കെതിരെ കരാർ ലംഘനം നടത്തിയതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2116.1-ാം വകുപ്പ് അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ച് പ്രവൃത്തികൾ റീടെണ്ടർ നടത്തേണ്ടതായിരുന്നു. എന്നാൽ റീടെണ്ടർ നടത്തിയില്ല എന്നുമാത്രമല്ല നിരക്കുകളിൽ വന്ന വ്യതിയാനത്തിന് അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുത് കരാർ പുതുക്കാതെ പ്രവൃത്തി പൂർത്തിയാക്കാൻ അനുവദിക്കുകയും അധിക തുക നൽകുകയും ചെയ്തു .

മേൽ പറഞ്ഞ പ്രകാരം കരാറുകരാർക്ക് അധിക തുക നൽകിയിട്ടുള്ള റോഡ് പ്രവ്യത്തികളുടെ പ്രവ്യത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

## 1-19-1 എഴുത്തച്ഛൻ റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0169/19 |
| അടങ്കൽ & ഫണ്ട് | ₹5,00,000/-(300000 തനത് ഫണ്ട്, 200000 സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹2,00,000/- (വൗച്ചർ നം. 24/20-21, 16.04.2020),<br>₹2,64,184/- (വൗച്ചർ നം. 24/20-21, 16.04.2020)<br>ആകെ : ₹4,64,184/- |
| കരാർ നമ്പർ & തീയതി | AE/SBY/141/2018-19, 11.10.2018 |
| കരാറുകാരൻ | ശ്രീ. സി.എം. ബാലകൃഷ്ണൻ |
| അളവ് പുസ്തക നമ്പർ | 727/18-19 |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.3.2019 |
| പ്രവ്യത്തി ആരംഭിച്ച തീയതി | 10.02.2020 (Page No.1) |
| പ്രവ്യത്തി പൂർത്തിയാക്കിയ തീയതി | 12.03.2020 (Page No.11) |
| കോസ്റ്റ് ഇൻഡക്സ് (എസ്റ്റിമേറ്റ്) | 38.24% |
| പി.എ.സി. | ₹4,66,334/- |

| ക്രമ നം. | പ്രവ്യത്തിയിനം | ചെയ്ത അളവ് | അനുവദിച്ചത് | | അനുവദനീയമായത് (കോസ്റ്റ് ഇൻഡക്സ് 32.04% പ്രകാരം) | |
|---|---|---|---|---|---|---|
| | | | നിരക്ക് | തുക (3x4) | നിരക്ക് | തുക (3x6) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 3.15.2<br>Compacting Orginal Ground | 82.2 | 53.04 | 4359.89 | 50.68 | 4165.9 |
| 2 | 4.11.2<br>Granular Sub Base | 61.65 | 2141.77 | 132040.12 | 2046.61 | 126173.51 |
| 3 | 4.9<br>WMM | 61.66 | 3005.97 | 185348.11 | 2873.84 | 177200.97 |
| 4 | 75.5.1.1pb<br>Prime Coat | 411 | 75.49 | 31026.34 | 58.39 | 23998.29 |
| 5 | 75.5.2.3pb<br>Tack Coat | 411 | 14.11 | 5799.21 | 13.34 | 5482.74 |
| 6 | 75.5.9.1.2pb<br>Premix Carpet | 411 | 166.39 | 68386.29 | 158..06 | 64962.66 |
| 7 | 75.5.12.A.1.2pb<br>Seal Coat | 411 | 82.27 | 33812.97 | 78.01 | 32062.11 |
| | Name Board | 1 | 3410.87 | 3410.87 | 3410.87 | 3410.87 |
| | ആകെ | | | 464183.81 | | 437457.05 |

അധികം നൽകിയ തുക = 464184 - 437457.05 = 26726.95

= ₹26727/-

## 1-19-2 കപ്പാടി സ്കൂൾ പോസ്റ്റ ഓഫീസ് റോഡ് വീതികൂട്ടി ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0080/19 |
| അടങ്കൽ & ഫണ്ട് | ₹15,00,000/-(വികസന ഫണ്ട്) |
| ചെലവ് | ₹1397406/- (വൗച്ചർ നം. 238/20-21, 12.02.2021) |
| കരാർ നമ്പർ & തീയതി | AE/SBY/213/2018-19, 14.02.2019 |
| കരാറുകാരൻ | ശ്രീ. വി. ആർ. വിശ്വനാഥൻ |
| അളവ് പുസ്തക നമ്പർ | 316/18-19 |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.03.2019 |
| പ്രവൃത്തി ആരംഭിച്ച തീയതി | 27.052019 (Page No.1) |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 21.12.2019 (Page No.42) |
| കോസ്റ്റ് ഇൻഡക്സ് (എസ്റ്റിമേറ്റ്) | 38.24% |
| പി.എ.സി | ₹14,21,632/- |

| ക്രമ നം. | പ്രവൃത്തിയിനം | ചെയ്ത അളവ് | അനുവദിച്ചത് | | അനുവദനീയമായത് (കോസ്റ്റ് ഇൻഡക്സ് 32.04% പ്രകാരം) | |
|---|---|---|---|---|---|---|
| | | | നിരക്ക് | തുക (3x4) | നിരക്ക് | തുക (3x6) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| | Retaring | | | | | |
| 1 | 4.9 WMM | 99.67 | 2900 | 289043 | 2873.84 | 286435.63 |
| 2 | 75.5.1.1pb Prime Coat | 664.4 | 80 | 553152 | 58.39 | 38794.32 |
| 3 | 75.5.2.3pb Tack Coat | 664.4 | 18 | 11959.2 | 13.34 | 8863.1 |
| 4 | 75.5.5.B.2pb Penetration Macadan | 805.49 | 335 | 269839.15 | 326.36 | 262879.72 |
| 5 | 75.5.2.1pb Tack Coat | 1859.1 | 15 | 27886.5 | 11.15 | 20728.97 |
| 6 | 75.5.9.1.2pb Premix Carpet | 2523.5 | 168 | 125651.07 | 158.06 | 398864.41 |

| | | | | | | |
|---|---|---|---|---|---|---|
| 7 | 75.5.12.A.1.2pb<br>Seal Coat | 2523.5 | 85 | 62127.01 | 78.01 | 196858.24 |
| | Provision For Widening | | | | | |
| 1 | 2.6.1<br>Earth Work | 120.81 | 180 | 21745 | 166.3 | 20090.7 |
| 2 | 51.2.3<br>Quary Muck | 117.05 | 700 | 81935 | 891.16 | 104310.29 |
| 1 | Name Board | 1 | 3400 | 3400 | 3400 | 3400 |
| | ആകെ | | | 1397406.15 | | 1341225.38 |

| | |
|---|---|
| ടെണ്ടർ വേരിയേഷൻ | 1.42% Below (E-tender - Overall Percentage ) |
| കോസ്റ്റ് ഇൻഡക്സ് 32.04% പ്രകാരമുള്ള ആകെ തുകയുടെ 1.42% | 1341225.38 X 1.42/100 = 19045.4 |
| കോസ്റ്റ് ഇൻഡക്സ് 32.04% പ്രകാരമുള്ള ആകെ തുകയിൽ നിന്നും 1.42% ടെണ്ടർ കുറവ് കിഴിച്ച് ബാക്കി തുക | 1341225.38 - 19045.4 = 1322179.98 |
| അധികം നൽകിയ തുക | 1397406 - 1322179.98 = 75226.02<br>= ₹75226/- |

## 1-19-3 പൂളവയൽ ജോസിന്റെ വീട് വരെ ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0176/19 |
| അടങ്കൽ & ഫണ്ട് | ₹5,75,000/-( സംരക്ഷണ ഗ്രാന്റ് ) |
| ചെലവ് | ₹5,50,854/- (വൗച്ചർ നം. 235/20-21, 12.02.2021), |
| കരാർ നമ്പർ & തീയതി | AE/SBY/242/2018-19, 08.03.2019 |
| കരാറുകാരൻ | ശ്രീ. വി.ആർ. വിശ്വനാഥൻ |
| അളവ് പുസ്തക നമ്പർ | 105/18-19 |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.3.2019 |
| പ്രവൃത്തി ആരംഭിച്ച തീയതി | 11.11.2019 (Page No.1) |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 18.12.2019 (Page No.19) |
| കോസ്റ്റ് ഇൻഡക്സ് (എസ്റ്റിമേറ്റ് ) | 38.24% |
| പി.എ.സി | ₹5,71,743/- |

| ക്രമ നം. | പ്രവൃത്തിയിനം | ചെയ്ത അളവ് | അനുവദിച്ചത് | | അനുവദനീയമായത് (കോസ്റ്റ് ഇൻഡക്സ് 32.04% പ്രകാരം) | |
|---|---|---|---|---|---|---|
| | | | നിരക്ക് | തുക (3x4) | നിരക്ക് | തുക (3x6) |
| 1 | 2 | 3 | 4 | 5 | 6 | 7 |

| | | | | | | |
|---|---|---|---|---|---|---|
| 1 | 3.15.2<br>Compacting Orginal Ground | 54 | 53.04 | 2864.16 | 50.68 | 2736.72 |
| 2 | 4.9<br>WMM | 85.38 | 3005.97 | 256649.72 | 2873.84 | 245368.46 |
| 3 | 75.5.1.1pb<br>Prime Coat | 780 | 75.49 | 58882.2 | 58.39 | 45544.2 |
| 4 | 75.5.2.3pb<br>Tack Coat | 780 | 14.11 | 11005.8 | 13.34 | 10405.2 |
| 5 | 75.5.9.1.2pb<br>Premix Carpet | 780 | 166.39 | 129784.2 | 158..06 | 123286.8 |
| 6 | 75.5.12.A.1.2pb<br>Seal Coat | 780 | 82.27 | 64170.6 | 78.01 | 60847.8 |
| 7 | Name Board | 1 | 3410.87 | 3410.87 | 3410.87 | 3410.87 |
| 8 | 51.2.3<br>Quary Muck | 27 | 892.1 | 24086.7 | 891.16 | 24061.32 |
| | ആകെ | | | 550854.21 | | 515661.37 |

അധികം നൽകിയ തുക = 550854 - 515661.37 = 35192.63

= ₹35193/-

1-19-4 ചൂര്യൻറോഡ് താഴ്ന്ന ഭാഗം വെള്ളകെട്ട് ഒഴിവാക്കുന്നതിനായി ഉയർത്തി കോൺക്രീറ്റ് ചെയ്യൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0461/21 |
| അടങ്കൽ & ഫണ്ട് | ₹4,00,000/-( സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹3,98,244/- (വൗച്ചർ നം. 134/20-21, 23.10.2021), |
| കരാർ നമ്പർ & തീയതി | AE/SBY/245/2018-19, 08.03.2019 |
| കരാറുകാരൻ | ശ്രീ. നൗഷാദ് എൻ. പി. |
| അളവ് പുസ്തക നമ്പർ | 183/19-20 |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.3.2019 |
| പ്രവൃത്തി ആരംഭിച്ച തീയതി | 06.04.2020 (Page No. 1) |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 18.05.2020 (Page No. 6) |
| കോസ്റ്റ് ഇൻഡക്സ് (എസ്റ്റിമേറ്റ്) | 38.24% |
| പി.എ.സി | ₹3,98,244/- |

| ക്രമ നം. | പ്രവൃത്തിയിനം | ചെയ്ത അളവ് | അനുവദിച്ചത് | | അനുവദനീയമായത് (കോസ്റ്റ് ഇൻഡക്സ് 32.04% പ്രകാരം) | |
|---|---|---|---|---|---|---|
| | | | നിരക്ക് | തുക (3x4) | നിരക്ക് | തുക (3x6) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 51.2.3<br>Quary Muck | 28.58 | 892.1 | 25496.22 | 891.16 | 25469.35 |
| 2 | 4.1.8<br>CC 1:4:8 | 30.22 | 6190.59 | 187079.63 | 5912.95 | 178689.35 |
| 3 | 4.1.3 | 24.05 | 7578.25 | 182256.91 | 7238.37 | 174082.8 |

| | | | | | | |
|---|---|---|---|---|---|---|
| | CC 1:2:4 | | | | | |
| 4 | Board | 1 | 3410.83 | 3410.83 | 3410.83 | 3410.83 |
| | ആകെ | | | 398244 | | 381652.33 |

അധികം നൽകിയ തുക = 398244 - 381652.33 = ₹16,591.67/-

= ₹16,592/-

മേൽപറഞ്ഞ മരാമത്ത് പ്രവൃത്തികളിലായി ആകെ ₹1,53,738/- (26727+75226+35193+ 16,592) അധികം നൽകിയിട്ടുണ്ട്. 26/04/2022- ലെ ഓഡിറ്റ് എൻക്വയറി നം. 29/2020-21 ന് നിർവ്വണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല.

മേൽ പറഞ്ഞ പ്രവൃത്തികളുടെ ആകെ തുക ₹28,10,688/-. ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കരാറുകർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ് അല്ലാത്ത പക്ഷം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് സർച്ചാർജ്ജ് നടപടികൾക്ക് ശിപാർശ ചെയ്യുന്നതാണ്.

## 1-20 ദർഘാസ് പത്രപരസ്യം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സുൽത്താൻ ബത്തേരി നഗരസഭ 2020-21 വർഷം ദർഘാസ് പരസ്യം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിന് തുക ചെലവഴിച്ചതിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

01.01.2004 – ലെ ജി.ഒ. (പി) 01/04/ഐ ആന്റ് പി.ആർ പ്രകാരം ദർഘാസ് പരസ്യങ്ങൾ മൂന്ന് സെന്റീമീറ്റർ X രണ്ട് കോളം വലിപ്പത്തിലുള്ള വിൻഡോ പരസ്യങ്ങളായാണ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടത്. വെബ്സൈറ്റിൽ ആണ് പൂർണ്ണവിവരങ്ങൾ നൽകേണ്ടത്.ഇതിന് പുറമേ 04.01.2011 – ലെ ജി.ഒ. (ആർ. ടി.) 01/2011/ പി ആന്റ് എ.ആർ.ഡി പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടും ഉറപ്പ് വരുത്തേണ്ടതാണ്.

എന്നാൽ തൻവർഷം പത്രപരസ്യത്തിന് തുക ചെലവഴിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

വൗച്ചർനമ്പർ 268/09.07.20 പ്രകാരം 196266 രൂപ 2018-19,2019-20 വർഷങ്ങളിലെ പൊതുമരാമത്ത് പദ്ധതികളുടെ പരസ്യചാർജ്ജ് ആയി മലയാളമനോരമക്ക് നൽകിയിട്ടുണ്ട്.രണ്ടുവർഷത്തെ പരസ്യചാർജ്ജ് എന്തുകൊണ്ട് ഒരുമിച്ച് കടിശ്ശികയായിനൽകി എന്ന് വ്യക്തമാക്കിയിട്ടില്ല.ഈതുക മുൻപത്തെ വാർഷികപദ്ധതിരൂപീകരണച്ചെലവുകളിൽ നിന്നായിരുന്നു വഹിക്കേണ്ടത്.

തുക അനുവദിച്ചതിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുമില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പരസ്യ തീയ്യതി, | പരസ്യത്തിന്റ വലിപ്പം | നിരക്ക് | തുക(gst ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 25.07.18 | 8x9 | 135 | 10206 |
| 2 | 7.11.18 | 8x8 | 135 | 9072 |
| 3 | 21.12.18 | 8x8 | 245 | 16464 |
| 4 | 24.01.19 | 8x7 | 135 | 7938 |
| 5 | 10.02.19 | 8x7 | 135 | 7938 |
| 6 | 31.08.19 | 8x8 | 145 | 9744 |
| 7 | 06.10.19 | 8x10 | 250 | 21000 |
| 8 | 23.10.19 | 8x8 | 145 | 9744 |
| 9 | 15.11.19 | 8x8 | 145 | 9744 |
| 10 | 21.11.19 | 8x8 | 145 | 9744 |
| 11 | 21.12.19 | 8x8 | 145 | 9744 |
| 12 | 25.12.19 | 8x10 | 145 | 12180 |
| 13 | 02.02.20 | 8x9 | 145 | 10962 |
| 14 | 15.02.20 | 8x6 | 145 | 7308 |
| 15 | 03.03.20 | 8x10 | 145 | 12180 |
| 16 | 17.03.20 | 8x6 | 145 | 7308 |
| 17 | 06.05.20 | 8x7 | 145 | 8526 |
| 18 | 09.11.18 | 8x8 | 245 | 16464 |

പരസ്യചാർജ്ജ് നൽകിയത് സംബന്ധിച്ച് യാതൊരു പരിശോധനയും നടത്തിയതായി ഫയലിൽ കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12/25.04.22 ന് മറുപടി നൽകിയിട്ടില്ല. 196260 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 നെല്ലുൽപ്പാദകബോണസ്- ചെലവഴിച്ച മുഴുവൻ തുകയും ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ വരവുവന്നില്ല.

നെല്ലുൽപ്പാദകബോണസ് നൽകുന്നതിനായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ₹292860 ട്രഷറിയിൽ നിന്ന് വിവിധകർഷകരുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് നൽകുന്നതിനായി Transfer ചെയ്തിട്ടുണ്ട്.എന്നാൽ UTR പരിശോധിച്ചതിൽ 26കർഷകരുടെ അക്കൌണ്ടുകളിലേക്ക് തുക Transfer ആയിട്ടില്ല എന്ന് കണ്ടു.തുകകളുടെ സ്റ്റാറ്റസ് Return To Govt എന്നാണ് കാണുന്നത്.

| ക്രമനമ്പർ | ബിൽനമ്പർ/തീയതി | തുക | വിവരണം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 1/22.05.20 | 191580 | നെല്ലുൽപ്പാദകബോണസ് | 10 ഗുണഭോക്താക്കൾക്കായി നൽകിയ 2360 രൂപ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല. |
| 2 | 2/22.05.20 | 101280 | നെല്ലുൽപ്പാദകബോണസ് | 16 ഗുണഭോക്താക്കൾക്കായി നൽകിയ 3140 രൂപ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല. |

ഓഡിറ്റ് എൻക്വയറി.നം. 19 തീയതി 24.4.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ കൃഷി ഓഫീസർ നൽകിയ ഗുണഭോക്തൃപട്ടികയിലെ അക്കൌണ്ട് നമ്പറിലെ പിശക് മൂലമാണ് തുക ക്രെഡിറ്റ് ആകാതെ പോയതെന്നും ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.മേൽതുകകൾ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-22 ഘടകസ്ഥാപനങ്ങളുടെ ദൈനംദിനചെലവുകൾ -രേഖകൾ സൂക്ഷിക്കുന്നതിൽ അപാകങ്ങൾ.

തൻവർഷം ചെതലയം പി.എച്ച്.സിയുടെ ദൈനംദിനചെലവുകൾ താഴെപ്പറയുന്ന രീതിയിൽ അനുവദിച്ചിട്ടുണ്ട്.തുകകൾ അനുവദിച്ചതിലും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതിലും അപാകതകൾ വന്നിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 31/08.04.20 | 17408 | എച്ച്.എം.സി.യിൽ നിന്ന് ചെലവഴിച്ച തുക റീക്രൂപ്പ് ചെയ്യുന്നതാണ്.എന്ന് വൌച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ തുക എച്ച്.എം.സിയിൽ നിന്ന് ചെലവഴിച്ചതിന്റെ വിവരങ്ങളും റീക്രൂപ്പ് ചെയ്ത വിവരങ്ങളും ഫയലിൽ ഇല്ല.കണ്ടിജന്റ് ചെലവുകൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നതായോ ഈ തുക മറ്റ് ഫണ്ടുകളിൽ നിന്ന് ചെലവഴിച്ചിട്ടുണ്ടോ എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | 1041/31.03.21 | 3230 | ഇലക്ട്രിസിറ്റി ചാർജ്ജ് അടക്കുന്നതിന് തുക നൽകിയത്. |
| 3 | 600/20.04.20 | 5501 | ഇലക്ട്രിസിറ്റി ചാർജ്ജ് അടക്കുന്നതിന് തുക നൽകിയത്. |
| 4 | 720/07.01.21 | 43873 | എച്ച്.എം.സി.യിൽ നിന്ന് ചെലവഴിച്ച തുക റീക്രൂപ്പ് ചെയ്യുന്നതാണ്.എന്ന് വൌച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ തുക എച്ച്.എം.സിയിൽ നിന്ന് ചെലവഴിച്ചതിന്റെ വിവരങ്ങളും റീക്രൂപ്പ് ചെയ്ത വിവരങ്ങളും ഫയലിൽ ഇല്ല.കണ്ടിജന്റ് ചെലവുകൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നതായോ ഈ തുക മറ്റ് ഫണ്ടുകളിൽ നിന്ന് ചെലവഴിച്ചിട്ടുണ്ടോ എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 5 | 274/13.07.20 | 2125 | സബ്സെന്ററുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് അടക്കാൻ നൽകിയത്. |

14.02.2018 ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസിചെലവുകളുടെ(കറന്റ് ചാർജ്ജ്,വാട്ടർ ചാർജ്ജ്,,വാടക,കൺസ്യൂമബിൾസ്,സ്റ്റേഷനറി,പോസ്റ്റേജ്,ടെലിഫോൺ,ഇന്റർനെറ്റ്) ഒരു വർഷത്തേക്കുള്ള കണക്കുകൾ തയ്യാറാക്കി തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നൽകേണ്ടതും ഇതിനാവശ്യമായ തുക എല്ലാ സ്ഥാപനമേലധികാരികൾക്കും നൽകേണ്ടതും അനുവദിച്ച തുകയുടെ ഉപയോഗസാക്ഷ്യപത്രം തദ്ദേശസ്ഥാപനസെക്രട്ടറിക്ക് നൽകേണ്ടതും ചെലവുകൾ സംബന്ധിച്ച വൌച്ചറുകൾ സ്ഥാപനമേധാവികൾ

സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഇതിന് വിരുദ്ധമായാണ് സ്ഥാപനമേധാവി ആവശ്യപ്പെട്ട മുറക്ക് ഈ തുക നൽകിയിരിക്കുന്നത്. സ്ഥാപനം ഇത് സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.തുകകൾ എച്ച്.എം.സിയിൽ നിന്ന് ചെലവഴിച്ച് പിന്നീട് റീക്കൂപ്പ് ചെയ്യുകയാണെങ്കിൽ അതു സംബന്ധിച്ച രേഖകളും ദൈനംദിനചെലവുകൾ സംബന്ധിച്ച രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം. 20 തീയതി 26.04.22 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ്ഥാപനം നാളിതുവരെയും എച്ച്.എം.സിയുടെ കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .രേഖകളുടെ അഭാവത്തിൽ 72137 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ലൈഫ് ഭവനപദ്ധതി-പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

സുൽത്താൻ ബത്തേരി നഗരസഭയിൽ ലൈഫ് ഒന്നാം ഘട്ടപദ്ധതിയിൽ ,മുൻപത്തെ ഭവനനിർമ്മാണപദ്ധതികളിൽ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനായി പദ്ധതി തയ്യാറാക്കി നടപ്പാക്കിയിരുന്നു.2017-18 വർഷം ആരംഭിച്ച പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല .

2017-18 വർഷം ₹1,88,71,043 രൂപ ലൈഫ് മിഷനിൽ നിന്നും ഈ പദ്ധതിക്കായി ലഭിച്ചിരുന്നു.

പദ്ധതി സംബന്ധിച്ച് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ പട്ടികജാതി വിഭാഗത്തിൽ 6 ഗുണഭോക്താക്കളും പട്ടികവർഗ്ഗവിഭാഗത്തിൽ 49ഉം ജനറൽ വിഭാഗത്തിൽ 63 ഗുണഭോക്താക്കളുമാണുള്ളത് എന്ന് രജിസ്റ്ററിൽ കാണുന്നു.എന്നാൽ ഇവരിൽ എത്ര ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചുവെന്ന് വ്യക്തമല്ല.രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.തൻവർഷം പട്ടികവർഗ്ഗഗുണഭോക്താക്കളുടെ ഭവനപൂർത്തീകരണത്തിന് വേണ്ടി 441207 രൂപ ചെലവഴിച്ചിട്ടുണ്ട്.

ട്രഷറി ബിൽ 6/7.09.20-48136

ട്രഷറി ബിൽ 10/15.10.20-393071

2017-18ൽ ആരംഭിച്ച പ്രവൃത്തി ഇനിയും പൂർത്തീകരിച്ചിട്ടില്ല.ഓരോയിനത്തിലും ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റും കൈപ്പറ്റിയ തുകയുടെ വിവരവും ഓഡിറ്റിന് നൽകുന്നതിന് ഓഡിറ്റ് എൻക്വയറി.നം. 3 തീയതി 19.04.22 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.പദ്ധതിപൂർത്തീകരണം സംബന്ധിച്ച മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.പദ്ധതി ഇനിയും പൂർത്തീകരിക്കാത്തതിനാൽ 441207 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 തനതുഫണ്ടിൽ നിന്നും തുകകൾ അനുവദിച്ചതിന്റെ യഥാർത്ഥചെലവുരേഖകൾ ഫയലിൽ ഇല്ല.

താഴെപ്പറയുന്ന വൌച്ചറുകളിൽ തുകകൾ അനുവദിച്ചിട്ടുണ്ടെങ്കിലും ചെലവുവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | വൌച്ചർ നമ്പർ | തുക | വിവരണം | റിമാർക്സ് |
|---|---|---|---|---|
| 1 | 659/14.12.20 | 17698 | ഏഴിച്ചാൽകുന്ന് പണിയകോളനി-കുടിവെള്ളപദ്ധതി -തിരിച്ചടക്കാൻ പിൻവലിച്ച തുക | തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഇല്ല |
| 2 | 660/14.12.20 | 40260 | കുഴൽകിണർ നിർമ്മാണത്തിന് നൽകിയ അധികതുക | തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഇല്ല |
| 3 | 661/14.12.20 | 24448 | തച്ചൻചിറകോളനി കുടിവെള്ളപദ്ധതിക്ക് കെ.എസ്.ഇ.ബിയിൽ അടക്കാൻ പിൻവലിച്ചത് | തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഇല്ല |

ഓഡിറ്റ് എൻക്വയറി.നം. 13 തീയതി 25.04.22പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് തുകകൾ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയതായി അറിയിച്ചിട്ടുണ്ട്.മേൽതുകകൾ ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 82406 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 വെറ്ററിനറി സർജൻ പദ്ധതി നടത്തിപ്പ് അപാകതകൾ

1)പദ്ധതിയിൽ വിഭാവനം ചെയ്തതിനേക്കാൾ തുക ഫർണിച്ചറുകൾ വാങ്ങുന്നതിന് ചെലവഴിച്ചു
പ്രോജക്ട് നം 666/20-21 വെറ്ററിനറി സബ് സെന്ററിലേക്ക് കമ്പ്യൂട്ടറുകളും ഫർണിച്ചറുകൾ വാങ്ങൽ
അടങ്കൽ 2,00,000( തനത് ഫണ്ട്)
ചെലവ് 1,99,599

മേൽ പദ്ധതിയുടെ സാമ്പത്തിക വിശകലനം പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപയും ഫർണിച്ചറുകൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപയും ആണ് വകയിരുത്തിയത്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ഫർണിച്ചറുകൾ വാങ്ങുന്നതിന് 1,46,431 രൂപയും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 53, 168 രൂപയും ചെലവഴിച്ചു.

2)TR 7 A കാഷ് ബുക്ക് അല്ല ഉപയോഗിക്കുന്നത്, പകരം ആർട്ടിഫിഷ്യൽ ഇൻസിമിനേഷൻ രജിസ്റ്റർ എന്ന് രേഖപ്പെടുത്തിയ രജിസ്റ്റർ ആണ് കാഷ് ബുക്ക് ആയി ഉപയോഗിക്കുന്നത്.

3)ഇൻവോയിസ് നം 20000730011655/20.3.21 പ്രകാരം Malabar Drug Lines, Calicut എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ LYSETIK (15 Ml) 243 എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-26 സൗഭാഗ്യ ലോൺ തിരിച്ചടവ്-അടക്കുന്ന തുകയിൽനിന്ന് പിഴപ്പലിശയിനത്തിൽ നഷ്ടം.

നഗരസഭ തൻവർഷം സൗഭാഗ്യ ലോൺ തിരിച്ചടക്കുന്നതിനായി 52ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.ലോൺ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം 17951 രൂപ പിഴപ്പലിശയിനത്തിൽ ബാങ്ക് ഈടാക്കിയതായിക്കാണുന്നു.പിഴപ്പലിശ അടക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. സൗഭാഗ്യ ഭവന പദ്ധതി നടപ്പാക്കുന്നതിനായി 2014-15 വർഷം വയനാട് ജില്ലാ സഹകരണബാങ്ക് സുൽത്താൻ ബത്തേരിശാഖയിൽ നിന്നും 12.5% പലിശ നിരക്കിൽ വായ്പയെടുത്തിട്ടുണ്ട്. ലോൺ സംബന്ധിച്ച ഫയലിൽ 2 കോടി രൂപ വായ്പയെടുത്തതായാണ് കാണുന്നത് എങ്കിലും ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നാളിതുവരെ 19300000 രൂപയാണ് വായ്പ എടുത്തതായി കാണുന്നത്.

ബാങ്കും ഗ്രാമപഞ്ചായത്തും തമ്മിൽ 04.03.2014 ന് ചമച്ച കരാർ പ്രകാരം 10 വർഷം കൊണ്ട് തുല്യഗഡുക്കളായി വായ്പ തിരിച്ചടക്കേണ്ടതാണ്.വായ്പ എടുക്കുന്നതിന് സർക്കാർ നൽകിയ അനുമതിയിൽ (സ.ഉ.(എം.എസ്)83/13 ത.സ്വ.ഭ.വ.11.03.14) വായ്പാമുതൽ തുക വികസനഫണ്ടിൽ നിന്നും പലിശ തനതുഫണ്ടിൽ നിന്നുമാണ് അടക്കേണ്ടത്. മുതൽ വാർഷികമായും പലിശ പാദവാർഷികമായുമാണ് അടക്കേണ്ടത്.

2016-17, 2017-18 , 2018-19 വർഷങ്ങളിൽ മതിയായ തുക വകയിരുത്തി വായ്പത്തുകയും പലിശയും അടച്ചതിൽ കുറവ് വന്നതിനാലാണ് തുടർ വർഷങ്ങളിൽ ആവശ്യമായതിലും കൂടുതൽ പലിശയും, പലിശയുടെ മേലെ പലിശയും പിഴപ്പലിശയും അടക്കുന്ന സാഹചര്യം വന്നത്.

മുതൽ/പലിശ ഇനത്തിൽ തുക അടവാക്കുന്നത് സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ മുതൽ, പലിശയിനത്തിൽ നാളിതുവരെയുള്ള വായ്പാ തിരിച്ചടവ് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചതിനാൽ കൂടുതൽ തുക വകയിരുത്തി ലോൺ അടക്കുന്നുണ്ടെങ്കിലും നാളിതുവരെയുള്ള തിരിച്ചടവ് വിവരങ്ങൾ പരിശോധിച്ച് രജിസ്റ്റർ പൂർത്തീകരിക്കുന്നതിനും വായ്പാ മുതലും പലിശയും യഥാസമയം ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും അനാവശ്യ പിഴപലിശ ഒഴിവാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ഇക്കാര്യത്തിൽ വിശദമായ മറുപടി നൽകേണ്ടതാണ്.

## 1-27 വസ്തുനികുതി നിർണ്ണയം മുഴുവൻ വിസ്തീർണ്ണത്തിനും നികുതി ഈടാക്കിയിട്ടില്ല - ₹ 1,36,304.00 നഷ്ടം

സു.ബത്തേരി നഗരസഭയിൽ 2020-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 20/04/2022-ന് 11 AMനും 22/04/2022-ന് 2 PMനും സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥല പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ മുഴുവൻ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ച് ഈടാക്കാത്തതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1) സപ്ത റിസോർട്ട് & സ്പാ, Kerala Land Reforms And Development Co Operative Society

വിഭാഗം - റിസോർട്ടുകൾ

റെഗുലറൈസേഷൻ പെർമിറ്റ് നം. BA63/2021/24.03.21

വാർഡ് നം.12, കുപ്പാടി,

സർവ്വേ നം. 603/3,617/10,617/11,

കെട്ടിട നം. 428/A മുതൽ 428/I വരെ

428/C1 മുതൽ 428/C5 വരെ

ആകെ നിർമ്മിത വിസ്തീർണ്ണം - 13628.33 ച.മീ

സു.ബത്തേരി നഗരസഭ കൗൺസിലിന്റെ തീരുമാന പ്രകാരം (നം. 7(1)/14.02.17) വസ്തു നികുതി പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ/സ്പാ സെന്റർ എന്നിവക്ക് ച.മീ ന 160 രൂപയാണ്. എന്നാൽ, ച.മീ ന 90 രൂപ വെച്ചാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. കേരള മുൻസിപ്പാലിറ്റി വസ്തു നികുതി ചട്ട പ്രകാരം സ്വിമ്മിംഗ്പൂളിന് വസ്തു നികുതി ഈടാക്കേണ്ടതാണ്. എന്നാൽ, ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | സ്ഥല പരിശോധനയിൽ നഗരസഭ ഓവർസിയർ അളന്ന് തിട്ടപ്പെടുത്തിയ വിസ്തീർണ്ണം(ച.മീ) | ഫോം 6 പ്രകാരം ഈടാക്കിയ ആകെ അടിസ്ഥാന വസ്തു നികുതി(₹) | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി(₹) | ഒരു വർഷം സംഭവിക്കുന്ന നഷ്ടം (₹) |
|---|---|---|---|---|---|
| 1 | ആയുർവ്വേദ സ്പാ | 49.9 മീ X 14 മീ = 698.6 | 536.97 X 90 = 48327 | 698.6 X 160 = 111776 | 63449 |
| 2 | സ്വിമ്മിംഗ്പൂൾ** | 20 മീ X 25 മീ = 500 | 0 | 500 X 90= 45000 | 45000 |
| ആകെ | | | | | 1,08,449.00 |

2) അബ്ദുൾ ലത്തീഫ് & മൻഷീദ് നിയാസ്, കുരുത്തോലക്കണ്ടി വീട്

വിഭാഗം - കൊമേഴ്സ്യൽ

റെഗുലറൈസേഷൻ പെർമിറ്റ് നം. BA54/20-21/06.10.20

വാർഡ് നം.22, ഫെയർ ലാന്റ്,

സർവ്വേ നം. 5/9,

കെട്ടിട നം. 268 മുതൽ 276/ A വരെ

ആകെ നിർമ്മിത വിസ്തീർണ്ണം - 838.9 ച.മീ

838.9 ച.മീ വിസ്തീർണ്ണത്തിൽ മൂന്ന് നിലയുള്ള വാണിജ്യ കെട്ടിടമാണ് പ്ലാനിൽ ഉള്ളത്. എന്നാൽ, 800.29 ച.മീ കെട്ടിടത്തിന് മാത്രമേ വസ്തു നികുതി ഈടാക്കിയിട്ടുള്ളൂ. നേരിൽ പരിശോധിച്ചപ്പോൾ, 3.30 മീറ്റർ ഉയരവും 33 മീറ്റർ നീളവും 8 മീറ്റർ വീതിയുമുള്ള, മേൽക്കൂര ജി.ഐ ഷീറ്റ് വിരിച്ച ഒരു ഷെഡ് നാലാമത്തെ നിലയിൽ ഗോഡൗണായി ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത ഷെഡ്ഡിന് പെർമിറ്റ് എടുക്കുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | സ്ഥല പരിശോധനയിൽ നഗരസഭ ഓവർസിയർ അളന്ന് തിട്ടപ്പെടുത്തിയ വിസ്തീർണ്ണം(ച.മീ) | ഫോം 6 പ്രകാരം ഈടാക്കിയ ആകെ അടിസ്ഥാന വസ്തു നികുതി(₹) | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി(₹) | ഒരു വർഷം സംഭവിക്കുന്ന നഷ്ടം (₹) |
|---|---|---|---|---|---|
| 1 | മൂന്ന് നില കോൺക്രീറ്റ് കെട്ടിടം | 838.9 ച.മീ (അംഗീകരിച്ച പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം) | 618.02(വാണിജ്യം) X 80 = 49441.6<br>182.27(അപ്പാർട്ട്മെന്റ്) X 10 = 1822.7<br>ആകെ - 51264 | 656.63(വാണിജ്യം) X 80 = 52530.4<br>182.27(അപ്പാർട്ട്മെന്റ്) X 30* = 5468.1<br>ആകെ - 57999 | 6735 |
| 2 | മൂന്നാം നില ജി.ഐ ഷീറ്റ് ഷെഡ്ഡ് | 33 മീ X 8 മീ = 264 | 0 | 264 X 80= 21120 | 21120 |
| ആകെ | | | | | ₹27,855 |

*സു.ബത്തേരി നഗരസഭ കൗൺസിലിന്റെ തീരുമാന പ്രകാരം (നം. 7(1)/14.02.17) വസ്തു നികുതി പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം പാർപ്പിട ആവശ്യത്തിനുള്ളവക്ക് സ്ക്വ.മീ ന 10 രൂപയും ക്വാട്ടേഴ്സ്/അപ്പാർട്ട്മെന്റിന് സ്ക്വ.മീ ന 30 രൂപയും ആണ്.

വിശദവിവരങ്ങൾക്ക് ഖണ്ഡിക 2-1 കാണുക.

## 1-28 വസ്തുനികുതി നിർണ്ണയിക്കുന്നതിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കുന്നില്ല – നഗരസഭ വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നു.

1994-ലെ കേരള മുൻസിപ്പാലിറ്റി നിയമം, വകുപ്പ് 233(9) പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഒരു യൂണിറ്റായി കണ്ടാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടത്. 2011 ലെ കേരള മുൻസിപ്പാലിറ്റി രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ (പ്രകാരം 3(5), ചട്ടം 4 (1) എന്നിവ കാണുക), ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വിവിധ ഉപയോഗ ക്രമങ്ങൾക്ക് (ഉദാ- വാണിജ്യം, താമസം മുതലായവ) ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമേ, അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകാൻ പാടുള്ളൂ. 2011 ലെ കേരള മുൻസിപ്പാലിറ്റി രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ പട്ടിക 6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുടെ (250 ച.മീ ന് മുകളിൽ) അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ, 250 ച.മീ ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളും 100 ച.മീ- ൽ താഴെയാക്കി നികുതി നിർണ്ണയക്കുന്നതിനാൽ (റൂമുകൾക്ക് പ്രത്യേക നമ്പർ നൽകുന്നതിനാൽ) നഗരസഭക്ക് വസ്തു നികുതി നഷ്ടം സംഭവിക്കുന്നുണ്ട്. നഗരസഭയിലെ 2020-21 സാമ്പത്തിക വർഷം നികുതി കണക്കാക്കിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയത്തിൽ മേൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. കെട്ടിങ്ങളുടെ ഫോം 6-ൽ തറ നിർമ്മിതി പൂർണ്ണമായും മേൽത്തരം വസ്തുക്കൾ ഉപയോഗിച്ചാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (സ്ക്വ.മീ) | ഫോം 6 പ്രകാരം ഈടാക്കിയ/ഈടാക്കേണ്ടിയിരുന്ന ആകെ അടിസ്ഥാന വസ്തു നികുതി | അടിസ്ഥാന വസ്തു നികുതിയുടെ(മേൽത്തരം തറയുടെ) 15% | ഒരു വർഷം സംഭവിക്കുന്ന നഷ്ടം |
|---|---|---|---|---|---|---|
| 1 | ശ്രീജ.കെ.ആർ വട്ടക്കാവുങ്കൽ വാർഡ് 15 | 1170A – A8, 1170B – B11 | 611.93 കൊമേഴ്സ്യൽ | 611.93 X 80= 48954 | 7343 | 7343 |
| 2 | അബ്ദുൾ ലത്തീഫ്, കുരുത്തോലക്കണ്ടി വാർഡ് 22 | 268-285 | 920.63 (കൊമേഴ്സ്യൽ) 182.27 (അപ്പാർട്ട്മെന്റ്) | 920.63 X 80= 73650 182.27(അപ്പാർട്ട്മെന്റ്) X 30 = 5468 ആകെ - 79118 | 11868 | 11868 |
| 3 | ഒ.എം.അബ്രഹാം ഓലപ്പുരക്കൽ വാർഡ് 6 | 400 A-A6 | 346.05 കൊമേഴ്സ്യൽ | 346.05 X 80 = 27684 | 4153 | 4153 |
| 4 | അഷറഫ്.സി ചിങ്കിളി വാർഡ് 21 | 319 A-A11 | 1257.09 അപ്പാർട്ട്മെന്റ്സ് | 1257.09 X 30 = 37713 | 5657 | 5657 |
| 5 | ജയ്ജിത്ത്.എം കാർത്തിക വാർഡ് 29 | 503A/A7 | 626.84 അപ്പാർട്ട്മെന്റ്സ് | 626.84 X 30= 18805 | 2821 | 2821 |
| 6 | തരിയത്ത്.എ.വി ആട്ടുകാലിൽ വാർഡ് 15 | 352C1 – C14 | 523.48 അപ്പാർട്ട്മെന്റ്സ് | 523.48 X 30= 15704 | 2356 | 2356 |
| 7 | വാസു മുഹമ്മദ് മലയിൽ വാർഡ് 11 | 282A – A5 | 421.14 ക്വാട്ടേഴ്സ് | 421.14 X 30= 12634 | 1895 | 1895 |
| 8 | വർഗ്ഗീസ്.എം.വി മോളോത്ത് വാർഡ് 8 | 289A – A2 289B – B2 | 392.19 ക്വാട്ടേഴ്സ് | 392.19 X 30= 11766 | 1765 | 1765 |
| 9 | നാസ്സർ എടപ്പൊത്തിൽ വാർഡ് 24 | 451A1 – A12 451B – B 11 | 991.02 അപ്പാർട്ട്മെന്റ്സ് | 991.02 X 30= 29731 | 4460 | 4460 |

| | |
|---|---|
| ആകെ | 42,318.00 |

*സു.ബത്തേരി നഗരസഭ കൗൺസിലിന്റെ തീരുമാന പ്രകാരം (നം. 7(1)/14.02.17) വസ്തു നികുതി പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം പാർപ്പിട ആവശ്യത്തിനുള്ളവക്ക് സ്ക്വ.മീ ന 10 രൂപയും ക്വാട്ടേഴ്സ്/അപ്പാർട്ട്മെന്റിന് സ്ക്വ.മീ ന 30 രൂപയും ആണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/20-21/ 26.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 250 സ്ക്വ.മീ ന മുകളിൽ വിസ്തീരണ്ണം വരുന്ന എല്ലാ കെട്ടിടങ്ങളിലും മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തി നികുതി പുനർ നിർണ്ണയിച്ച് കുറവ് പിരിച്ച നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-29 പാർക്കിംഗിനുള്ള സ്ഥലത്ത് കെട്ടിടങ്ങൾ നിർമ്മിച്ച് ഒക്യുപ്പൻസി നൽകി വ്യക്തമായ ചട്ട ലംഘനം നടത്തുന്നു.

കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ,2019 അനുസരിച്ച് ഓരോ കെട്ടിട വിഭാഗത്തിനും പ്ലോട്ടിൽ തന്നെ വേണ്ട മോട്ടോർ കാറുകളുടെ കുറഞ്ഞ പാർക്കിംഗ് വിവരങ്ങൾ (ചട്ടം 29), ഓരോ കെട്ടിടത്തിനു ചുറ്റും ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളുടെ വിശദാംശങ്ങൾ (ചട്ടം 26 മുതൽ 28 വരെ) എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. ഒരു തെരുവിലേക്കുള്ള വാഹനങ്ങളുടെ പ്രവേശനം, ഡ്രൈവ് - ഇൻ , വാഹനങ്ങൾ തിരിക്കുന്നതിനുള്ള സ്ഥലം എന്നിവയോട് കൂടി വേണം പാർക്കിംഗ് വ്യവസ്ഥ ചെയ്യാൻ. ചട്ടപ്രകാരം വ്യവസ്ഥ ചെയ്യേണ്ട തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വളഞ്ഞു തിരിയുന്നതിനുള്ള സ്ഥലവും ഉള്ള പക്ഷം ആ തുറസ്സായ സ്ഥലത്തിന്റെ 50% ത്തിൽ കവിയാത്ത സ്ഥലം പാർക്കിംഗിനായി പരിഗണിക്കാം . ചട്ടം 34(8) പ്രകാരം ഏതെങ്കിലും കെട്ടിടങ്ങൾക്ക് ചുറ്റും നിർബന്ധമായും വേണ്ട തുറന്ന പ്രദേശങ്ങൾ വിൽക്കാനോ, പാർക്കിംഗിനായി അനുവദിക്കാനോ പാടില്ല. 2019- ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 29 പ്രകാരം മോട്ടോർ കാറുകളുടെ പാർക്കിംഗിനു വേണ്ടി ഒരുക്കിയിരിക്കുന്ന തെരുവ് വിട്ടുള്ള ഒരോ പാർക്കിംഗ് സ്ഥലത്തിന്റെയും വിസ്തീർണ്ണം 15 ച.മീ. കുറയാത്തതായിരിക്കണം(5.5മീ X 2.7മീ). ചട്ടം 42(4) പ്രകാരം ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗ്(5.5മീ X 3.6മീ), ആകെ മോട്ടോർ കാറുകളുടെ പാർക്കിനിംഗിനാവശ്യമായ സ്ഥലത്തിന്റെ 3 % -മെങ്കിലും ഉണ്ടായിരിക്കണം. ഇരു ചക്രവാഹനങ്ങളുടെയും (സൈക്കിൾ അല്ലാത്തവ) സൈക്കിളുകളുടെയും പാർക്കിംഗിനു വേണ്ടി തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിനും ആവശ്യമായ വിസ്തീർണ്ണം യഥാക്രമം 3 ച.മീറ്ററും 1.5 ച.മീറ്ററും ആണ്. കൂടാതെ മോട്ടോർ കാറുകളുടെ പാർക്കിനിംഗിനാവശ്യമായ സ്ഥലത്തിന്റെ 25 % -മെങ്കിലും ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗിനായി നൽകേണ്ടതാണ്. എന്നാൽ മേൽ ചട്ടങ്ങൾ പാലിക്കാതെ മതിയായ പാർക്കിംഗ് ഇല്ലാതെ ഒക്യൂപെൻസി നൽകിയിട്ടുണ്ട് ആയത്, 2020-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 20/04/2022-ന് 11 AMനും 22/04/2022-ന് 2 PMനും നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1) സപ്ത റിസോർട്ട് & സ്പാ, Kerala Land Reforms And Development Co Operative Society

വിഭാഗം - റിസോർട്ടുകൾ

റെഗുലറൈസേഷൻ പെർമിറ്റ് നം. BA63/2021/24.03.21

വാർഡ് നം.12, കുപ്പാടി,

സർവ്വേ നം. 603/3,617/10,617/11,

കെട്ടിട നം. 428/A മുതൽ 428/I വരെ

428/C1 മുതൽ 428/C5 വരെ

ആകെ നിർമ്മിത വിസ്തീർണ്ണം - 13628.33 ച.മീ

കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ പാർക്കിംഗ് സ്ഥലവും പാർക്കിംഗിനായി നൽകിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. പൂർത്തീകരണ പ്ലാൻ പ്രകാരം താഴെ പറയുന്ന പാർക്കിംഗ് ആണ് നൽകിയിരിക്കുന്നത്.

| അംഗീകരിച്ച പ്ലാൻ പ്രകാരം ഉള്ള പാർക്കിംഗ് | ഒക്യുപ്പൻസി സാക്ഷ്യപത്രം / ചട്ടം 29 ടേബിൾ 10 / സ്ഥല പരിശോധന പ്രകാരം ഉണ്ടാകേണ്ട പാർക്കിംഗ് |
|---|---|
| വില്ല – 593.1/90 = 7 എണ്ണം<br>മെയിൻ ബ്ലോക്ക് - 5672.66/60 + 1200/90 = 108 എണ്ണം<br>റിക്രിയേഷൻ ബ്ലോക്ക് - 1361.41/60 + 1200/90 = 37 എണ്ണം | വില്ല – 652.48/90 = 8 എണ്ണം<br>മെയിൻ ബ്ലോക്ക് - 6566.96/60 + 1200/90 = 123 എണ്ണം<br>കൺവെൻഷൻ സെന്റർ * (ഗ്രൂപ്പ് ഡി) - 2964.35/20 = 149 എണ്ണം<br>റൂം ബ്ലോക്ക് - 149/60 + 1200/90 = 16 എണ്ണം |

| | |
|---|---|
| റൂം ബ്ലോക്ക് - 1156.92/90 = 13 എണ്ണം<br>യൂട്ടിലിറ്റി ബ്ലോക്ക് - 47.66/90 = 1 എണ്ണം | യൂട്ടിലിറ്റി ബ്ലോക്ക് - 382.5/90 = 5 എണ്ണം |
| ആകെ സാധാരണ കാർ പാർക്കിംഗ് - 166 എണ്ണം | ആകെ സാധാരണ കാർ പാർക്കിംഗ് - 301 എണ്ണം |
| ഭിന്ന ശേഷി പാർക്കിംഗ് - 5 എണ്ണം | ഭിന്ന ശേഷി പാർക്കിംഗ് - 7എണ്ണം |
| ഇരു ചക്ര വാഹന പാർക്കിംഗ് - 650 ച.മീ | ഇരു ചക്ര വാഹന പാർക്കിംഗ് - 1129 ച.മീ |

* 500 സീറ്റിംഗ് കപ്പാസിറ്റിയുള്ള രണ്ട് കോൺഫറൻസ് ഹാളുകളും അതിന്റെ ഡൈനിംഗ് ഏരിയയും ഉണ്ട്

സ്ഥല പരിശോധനയിൽ, പ്ലാൻ പ്രകാരം 27 പാർക്കിംഗ് കാണിച്ച കിഴക്ക് വശത്ത് വാഴ കൃഷി ചെയ്തിരിക്കുന്നതാണ് കണ്ടിട്ടുള്ളത്. മറ്റ് പല ഭാഗത്തും പാർക്കിംഗ് ഒഴിവാക്കി ലാൻഡ് സ്കേപ്പിംഗ് ചെയ്തിരിക്കുകയാണ്. നേരിൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന പാർക്കിംഗുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. അതു തന്നെ മാർക്ക് ചെയ്തിട്ടില്ല.

| പാർക്കിംഗ് തരം | സ്ഥല പരിശോധനയിൽ കണ്ടെത്തിയ പാർക്കിംഗ് | നിയമ പ്രകാരം നൽകേണ്ട പാർക്കിംഗ് | അധികം നൽകേണ്ട പാർക്കിംഗ് | നൽകിയ പാർക്കിംഗ് ശതമാനത്തിൽ |
|---|---|---|---|---|
| കാർ പാർക്കിംഗ് | 94 എണ്ണം | 301 എണ്ണം | 207 എണ്ണം | 31.2% |
| ഭിന്നശേഷി പാർക്കിംഗ് | 1 എണ്ണം | 7എണ്ണം | 6 എണ്ണം | 14.28% |
| ആകെ കാർ പാർക്കിംഗ് | 95 എണ്ണം | 308 എണ്ണം | 213എണ്ണം | 30.84 % |
| ഇരുചക്ര വാഹന പാർക്കിംഗ് | ഒന്നും നൽകിയിട്ടില്ല. | 1129 ച.മീ | 1129 ച.മീ | 0% |

2) അബ്ദുൾ ലത്തീഫ് & മൻഷീദ് നിയാസ്, കുരുത്തോലക്കണ്ടി വീട്

വിഭാഗം - കൊമേഴ്സ്യൽ

റെഗുലറൈസേഷൻ പെർമിറ്റ് നം. BA54/20-21/06.10.20

വാർഡ് നം.22, ഫെയർ ലാന്റ്,

സർവ്വേ നം. 5/9,

കെട്ടിട നം. 268 മുതൽ 276/ A വരെ

ആകെ നിർമ്മിത വിസ്തീർണ്ണം - 838.9 ച.മീ

കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ പാർക്കിംഗും നൽകിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. പൂർത്തീകരണ പ്ലാൻ പ്രകാരം താഴെ പറയുന്ന പാർക്കിംഗ് ആണ് നൽകിയിരിക്കുന്നത്.

| അംഗീകരിച്ച പ്ലാൻ പ്രകാരം ഉള്ള പാർക്കിംഗ് | ഓക്യുപ്പൻസി സാക്ഷ്യപത്രം / ചട്ടം 29 ടേബിൾ 10 / സ്ഥല പരിശോധന പ്രകാരം ഉണ്ടാകേണ്ട പാർക്കിംഗ് |
|---|---|
| 807/90 = 9 എണ്ണം | 1099.9*/90 = 13 എണ്ണം |
| ആകെ സാധാരണ കാർ പാർക്കിംഗ് - 9 എണ്ണം | ആകെ സാധാരണ കാർ പാർക്കിംഗ് - 13 എണ്ണം |
| ഭിന്ന ശേഷി പാർക്കിംഗ് - നൽകിയിട്ടില്ല | ഭിന്ന ശേഷി പാർക്കിംഗ് - 1 എണ്ണം |
| ഇരു ചക്ര വാഹന പാർക്കിംഗ് - 33 ച.മീ | ഇരു ചക്ര വാഹന പാർക്കിംഗ് - 49 ച.മീ |

* സ്ഥല പരിശോധനയിൽ, 264 ച. മീ വിസ്തീർണ്ണമുള്ള ജി.ഐ ഷീറ്റ് മേൽക്കൂരയുള്ള ഒരു മൂന്നാം നില ഉണ്ട്. 28.9 ച. മീ വിസ്തീർണ്ണമുള്ള പാർക്കിംഗ് കാണിച്ച രണ്ട് ഷോപ്പുകൾ കച്ചവടം നടത്താനായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

എന്നാൽ, പ്ലാൻ പ്രകാരം പാർക്കിംഗ് കാണിച്ച സ്ഥലം മറ്റ് ആവശ്യത്തിന് ഉപയോഗിക്കുകയാണ് ചെയ്തിരിക്കുകയാണ്. പ്ളാൻ പ്രകാരം രണ്ട് പാർക്കിംഗ് കാണിക്കുകയും രണ്ട് ഷോപ്പുകൾ (വിസ്തീർണ്ണം 28.9 ച.മീ) കച്ചവടം നടത്താനായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്.നേരിൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന പാർക്കിംഗുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. അതു തന്നെ മാർക്ക് ചെയ്തിട്ടില്ല.

| പാർക്കിംഗ് തരം | സ്ഥല പരിശോധനയിൽ കണ്ടെത്തിയ പാർക്കിംഗ് | നിയമ പ്രകാരം നൽകേണ്ട പാർക്കിംഗ് | അധികം നൽകേണ്ട പാർക്കിംഗ് | നൽകിയ പാർക്കിംഗ് ശതമാനത്തിൽ |
|---|---|---|---|---|
| കാർ പാർക്കിംഗ് | 3 എണ്ണം | 13 എണ്ണം | 10 എണ്ണം | 23% |
| ഭിന്നശേഷി പാർക്കിംഗ് | 1 എണ്ണം | 1 എണ്ണം | 1 എണ്ണം | 0% |
| ആകെ കാർ പാർക്കിംഗ് | 4 എണ്ണം | 14എണ്ണം | 10 എണ്ണം | 28.57 % |
| ഇരുചക്ര വാഹന പാർക്കിംഗ് | ഒന്നും നൽകിയിട്ടില്ല. | 49 ച.മീ | 49 ച.മീ | 0% |

3. ശ്രീജ.കെ.ആർ, വട്ടക്കാവുങ്കൽ വീട്

വിഭാഗം - കൊമേഴ്സ്യൽ

റെഗുലറൈസേഷൻ പെർമിറ്റ് നം. BA-340467/2019/28.11.19

വാർഡ് നം.15,

കെട്ടിട നം. 1170-A - A8 & 1170/ B - B11

ആകെ നിർമ്മിത വിസ്തീർണ്ണം - 611.93 ച.മീ

കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ പാർക്കിംഗും നൽകിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. പൂർത്തീകരണ പ്ലാൻ പ്രകാരം താഴെ പറയുന്ന പാർക്കിംഗ് ആണ് നൽകിയിരിക്കുന്നത്.

| അംഗീകരിച്ച പ്ലാൻ പ്രകാരം ഉള്ള പാർക്കിംഗ് | ഓക്യുപ്പൻസി സാക്ഷ്യപത്രം / ചട്ടം 29 ടേബിൾ 10 / സ്ഥല പരിശോധന പ്രകാരം ഉണ്ടാകേണ്ട പാർക്കിംഗ് |
|---|---|
| 434.36/75 = 6 എണ്ണം | 496.58*/90 = 6 എണ്ണം |
| ആകെ സാധാരണ കാർ പാർക്കിംഗ് - 6 എണ്ണം | ആകെ സാധാരണ കാർ പാർക്കിംഗ് - 6 എണ്ണം |
| ഭിന്ന ശേഷി പാർക്കിംഗ് - 1 | ഭിന്ന ശേഷി പാർക്കിംഗ് - 1 എണ്ണം |
| ഇരു ചക്ര വാഹന പാർക്കിംഗ് - 105 ച.മീ | ഇരു ചക്ര വാഹന പാർക്കിംഗ് - 23 ച.മീ |

* സ്ഥല പരിശോധനയിൽ, 62.22 ച. മീ വിസ്തീർണ്ണമുള്ള പാർക്കിംഗ് കാണിച്ച രണ്ട് ഷോപ്പുകൾ മരമില്ല് നടത്താനായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

എന്നാൽ, പ്ലാൻ പ്രകാരം പാർക്കിംഗ് കാണിച്ച സ്ഥലം മറ്റ് ആവശ്യത്തിന് ഉപയോഗിക്കുകയാണ് ചെയ്തിരിക്കുകയാണ്. പ്ളാൻ പ്രകാരം രണ്ട് പാർക്കിംഗ് കാണിച്ച രണ്ട് ഷോപ്പുകൾ (വിസ്തീർണ്ണം 62.22 ച.മീ) മരമില്ല് നടത്താനായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. നേരിൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന പാർക്കിംഗുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. അത് തന്നെ മാർക്ക് ചെയ്തിട്ടില്ല.

| പാർക്കിംഗ് തരം | സ്ഥല പരിശോധനയിൽ കണ്ടെത്തിയ പാർക്കിംഗ് | നിയമ പ്രകാരം നൽകേണ്ട പാർക്കിംഗ് | അധികം നൽകേണ്ട പാർക്കിംഗ് | നൽകിയ പാർക്കിംഗ് ശതമാനത്തിൽ |
|---|---|---|---|---|
| കാർ പാർക്കിംഗ് | 2 എണ്ണം | 6 എണ്ണം | 4 എണ്ണം | 33.33% |
| ഭിന്നശേഷി പാർക്കിംഗ് | 1 എണ്ണം | 1 എണ്ണം | 0 | 100% |
| ആകെ കാർ പാർക്കിംഗ് | 3 എണ്ണം | 7 എണ്ണം | 4 എണ്ണം | 42.85 % |
| ഇരുചക്ര വാഹന പാർക്കിംഗ് | 30 ച.മീ | 23 ച.മീ | - | 100% |

മുകളിൽ നൽകിയ മൂന്ന് കെട്ടിടങ്ങളിൽ മാത്രം 363 കാർ പാർക്കിംഗുകളും 1178 ച.മീ ഇരു ചക്ര വാഹന പാർക്കിംഗും നൽകാതെയാണ് നഗരസഭ സെക്രട്ടറി ഒക്ക്യുപ്പൻസി നൽകിയിരിക്കുന്നത്. സർക്കുലർ നം 12900/ആർ.എ1/15/തസ്വഭവ

തിയ്യതി 02/12/15 പ്രകാരം കെട്ടിടനിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളിൻ മേൽ എഞ്ചിനീയറിംഗ് വിഭാഗം വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണെങ്കിലും മേൽ കെട്ടിട നിർമ്മാണ - പൂർത്തീകരണ ഫയലുകളിൽ ലഭ്യമാക്കിയിട്ടില്ല. മേൽ 3 ഫയലുകളിലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് ഇല്ലാതെയാണ് സെക്രട്ടറി വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. അതിനാൽ തന്നെ പ്ലാനിൽ കാണിക്കുന്ന പാർക്കിംഗുകൾ പരിശോധന നടത്താതെ അംഗീകരിക്കുന്നതിനാൽ ആണ് മുകളിൽ കൊടുത്തത് പോലെ വലിയ തോതിലുള്ള പാർക്കിംഗ് ഒഴിവാക്കലുകൾ സംഭവിക്കുന്നത്. കേരള മുൻസിപ്പാലിറ്റി നിയമം 1994 സെക്ഷൻ 406, മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചാപ്റ്റർ XX പ്രകാരവും മേൽ ചട്ട ലംഘനം നടത്തിയ കെട്ടിടങ്ങളുടെ ഉടമസ്ഥന എതിരെ യാതൊരു നടപടിയും സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ഓഡിറ്റിൽ ശ്രദ്ധയിൽ പെടുത്തിയപ്പോൾ മാത്രമാണ് മേൽ കൊടുത്ത വലിയ തോതിലുള്ള പാർക്കിംഗ് നൽകാതിരുന്നത് അറിയുന്നത്.ഇത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.16/20-21/26.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ പാർക്കിംഗ് മുഴുവൻ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. പാർക്കിംഗ് ലഭ്യമാക്കാൻ കഴിയാത്ത പക്ഷം പാർക്കിംഗ് സ്ഥലത്തുള്ള കെട്ടിടങ്ങൾ / മറ്റ് വസ്തുക്കൾ പൊളിച്ച് നീക്കി (കേരള മുൻസിപ്പാലിറ്റി നിയമം 1994 സെക്ഷൻ 406, മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചാപ്റ്റർ XX എന്നിവ കാണുക) ചട്ട പ്രകാരമുള്ള പാർക്കിംഗ് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-30 വസ്തുനികുതി നിർണ്ണയിക്കുന്നതില് - ക്വാർട്ടേഴ്സുകൾ/ഫ്ലാറ്റുകൾ കുറഞ്ഞ റേറ്റിൽ നികുതി പിരിക്കുന്നു – നഗരസഭ വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നു.

സുൽത്താൻ ബത്തേരി നഗരസഭ കൗൺസിലിന്റെ തീരുമാന പ്രകാരം (നം. 7(1)/14.02.17) വസ്തു നികുതി പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം പാർപ്പിട ആവശ്യത്തിനുള്ളവക്ക് സ്ക്വ.മീ ന 10 രൂപയും ക്വാട്ടേഴ്സ്/അപ്പാർട്ട്മെന്റ്സിന് സ്ക്വ.മീ ന 30 രൂപയും ആണ്. എന്നാൽ, 2020-21 വർഷം നമ്പറിട്ട ക്വാർട്ടേഴ്സ്/അപ്പാർട്ട്മെന്റ്സ് കെട്ടിടങ്ങളിൽ സ്ക്വ.മീ ന 30 രൂപ ഈടാക്കുന്നതിന് പകരം 10 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (സ്ക്വ.മീ) | ഫോം 6 പ്രകാരം ഈടാക്കിയ ആകെ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | ഒരു വർഷം സംഭവിക്കുന്ന നഷ്ടം |
|---|---|---|---|---|---|---|
| 1 | അഷറഫ്.സി ചിങ്കിളി വാർഡ് 21 | 319 A-A11 | 1257.09 അപ്പാർട്ട്മെന്റ്സ് | 1257.09 X 10 = 12571 | 1257.09 X 30 = 37713 | 25142 |
| 2 | ജയ്ജിത്ത്.എം കാർത്തിക വാർഡ് 29 | 503A/A7 | 626.84 അപ്പാർട്ട്മെന്റ്സ് | 626.84 X 10= 6268 | 626.84 X 30= 18805 | 12537 |
| 3 | തരിയത്ത്.എ.വി ആട്ടുകാലിൽ വാർഡ് 15 | 352C1 - C14 | 523.48 അപ്പാർട്ട്മെന്റ്സ് | 523.48 X 10= 5235 | 523.48 X 30= 15704 | 10469 |
| 4 | വാസു മുഹമ്മദ് മലയിൽ വാർഡ് 11 | 282A - A5 | 421.14 ക്വാട്ടേഴ്സ് | 421.14 X 10= 4211 | 421.14 X 30= 12634 | 8423 |
| 5 | വർഗ്ഗീസ്.എം.വി മോളോത്ത് വാർഡ് 8 | 289A - A2 289B - B2 | 392.19 ക്വാട്ടേഴ്സ് | 392.19 X 10= 3922 | 392.19 X 30= 11766 | 7844 |
| 6 | നാസ്സർ | 451A1 - | 991.02 | 991.02 X 10= 9910 | 991.02 X 30= 29731 | 19821 |

| | | | | | | |
|---|---|---|---|---|---|---|
| | എടപ്പൊത്തിൽ വാർഡ് 24 | A12 451B – B 11 | അപ്പാർട്ട്മെന്റ്സ് | | | |
| ആകെ | | | | | | 84,236.00 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/20-21/26.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. എല്ലാ പാർപ്പിട സമുച്ചയങ്ങളിലും നികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

## 1-31 പാർക്കിംഗ് സ്ഥലമായി ഷോപ്പ് കാണിക്കുന്നു- വസ്തു നികുതിയിൽ നഷ്ടം സംഭവിക്കുന്നു.

2020-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി അംഗീകരിച്ച പൂർത്തീകരണ പാർക്കിംഗ് പ്ലാനുകൾ പരിശോധന നടത്തിയതിൽ പല കെട്ടിടങ്ങളിലെയും ഗ്രൗണ്ട് ഫ്ലോറിൽ പാർക്കിംഗ് സ്ഥലമായി കാണിച്ച ഭാഗങ്ങൾ ഷോപ്പ് റൂമുകളായി മാറ്റിയതായി കാണുന്നുണ്ട്. പ്രസ്തുത ഷോപ്പ് റൂമുകളുടെ വിസ്തീർണ്ണം വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. 2020-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 22/04/2022-ന് 2 PMന് നടത്തിയ സ്ഥല പരിശോധനയിൽ പരിശോധിച്ച രണ്ട് കെട്ടിടത്തിലും പാർക്കിംഗ് കാണിച്ച സ്ഥലം ഷോപ്പ് റൂമുകൾ മറ്റ് ആവശ്യത്തിനായി ഷട്ടർ ഇട്ട് ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

1) അബ്ദുൾ ലത്തീഫ് & മൻഷീദ് നിയാസ്, കുരുത്തോലക്കണ്ടി വീട്

വിഭാഗം - കൊമേഴ്സ്യൽ

റെഗുലറൈസേഷൻ പെർമിറ്റ് നം. BA54/20-21/06.10.20

വാർഡ് നം.22, ഫെയർ ലാന്റ്,

സർവ്വേ നം. 5/9,

കെട്ടിട നം. 268 മുതൽ 276/ A വരെ

ആകെ നിർമ്മിത വിസ്തീർണ്ണം - 838.9 ച.മീ

പൂർത്തീകരണ പ്ളാൻ പ്രകാരം രണ്ട് പാർക്കിംഗ് കാണിക്കുകയും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്ത സ്ഥലത്ത് രണ്ട് ഷോപ്പ് റൂമുകൾ (വിസ്തീർണ്ണം 28.9 ച.മീ)പണിത് കച്ചവടം നടത്താനായി ഉപയോഗിക്കുകയാണ് ചെയ്യുന്നത് എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

2. ശ്രീജ.കെ.ആർ, വട്ടക്കാവുങ്കൽ വീട്

വിഭാഗം - കൊമേഴ്സ്യൽ

റെഗുലറൈസേഷൻ പെർമിറ്റ് നം. BA-340467/2019/28.11.19

വാർഡ് നം.15,

കെട്ടിട നം. 1170-A - A8 & 1170/ B - B11

ആകെ നിർമ്മിത വിസ്തീർണ്ണം - 611.93 ച.മീ

പൂർത്തീകരണ പ്ളാൻ പ്രകാരം രണ്ട് പാർക്കിംഗ് കാണിക്കുകയും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്ത സ്ഥലം രണ്ട് ഷോപ്പ് റൂമുകൾ നിർമ്മിച്ച് (വിസ്തീർണ്ണം 62.22 ച.മീ) മരമില്ല് നടത്താനായി ഉപയോഗിക്കുകയാണ് ചെയ്യുന്നത് എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/20-21/ 26.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ സൂചിപ്പിച്ചത് പോലെ ഷോപ്പ് റൂമുകൾ പാർക്കിംഗ് സ്ഥലമായി കാണിച്ച മറ്റ് കെട്ടിടങ്ങളിലും വസ്തു നികുതി നിർണ്ണയത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് നികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

## 1-32 വസ്തു നികുതി - കുടിശ്ശിക മുഴുവൻ പിരിച്ചെടുത്തിട്ടില്ല.

നഗരസഭയുടെ 2020-21-ലെ വസ്തു നികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു. വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ഹെഡ് ഓഫ് അക്കൗണ്ട് | വസ്തു നികുതി കുടിശ്ശിക (ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം)(₹) |
|---|---|

| | |
|---|---|
| വസ്തു നികുതി (കറന്റ്) | 1,30,63,678.00 |
| വസ്തു നികുതി (അരിയർ) | 78,39,996.00 |
| ആകെ | 2,09,03,674.00 |

മേൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/20-21/26.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-33 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് ചട്ടപ്രകാരമുള്ള സമയ പരിധി പാലിക്കുന്നില്ല.

2019- ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൻമേൽ 30 ദിവസത്തിനകം സെക്രട്ടറി അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിന്റെ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കണമെന്നാണ്. എന്നാൽ പെർമിറ്റ് അനുവദിക്കുന്നതിന് ഈ സമയ പരിധി പാലിക്കുന്നില്ല എന്ന് നഗരസഭയുടെ 2020-21 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. അപേക്ഷ ലഭിച്ചതിന്റെയും പെർമിറ്റ് അനുവദിച്ചതിന്റെയും ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷ നം/തിയ്യതി | പേര് | പെർമിറ്റ് നം | പെർമിറ്റ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | TP1/9017/20/15.05.20 | അബ്ദുൾ റഷീദ് | BA-98/20-21 | 19.08.2020 |
| 2 | TP1/9013/20/15.05.20 | നിഷാദ്.സി | BA-63/20-21 | 04.02.2021 |
| 3 | TP1/9117/20/19.05.20 | സൈയ്തലവി ഹാജി | BA-202/20-21 | 22.04.2021 |
| 4 | TP1/12020/20/08.07.20 | അബ്ദുൾ ഗഫൂർ | BA-84/20-21 | 28.05.2021 |
| 5 | TP1/15181/20/09.09.20 | ഷിനോജ്.കെ.വി | BA-5/20-21 | 04.01.2021 |
| 6 | TP1/16849/20/06.10.20 | സുനിൽ കുമാർ | BA-161/20-21 | 16.03.2021 |
| 7 | TP1/17145/20/09.10.20 | സജാദ് | BA-266/20-21 | 05.07.2021 |
| 8 | TP1/3720/21/15.02.21 16.01.20 | ഇ.വി.ഭരതൻ | BA-36/22 | 10.03.2022 |
| 9 | TP1/6334/21/12.03.21 | ജോൺസൺ | BA-381/20-21 | 21.10.2021 |
| 10 | TP1/20188/20/20.11.20 | അമ്മാളു | BA-211/20-21 | 03.05.2021 |

പെർമിറ്റ് അപേക്ഷകൾ ലഭിച്ചതിന്റെയും അനുവദിച്ചതിന്റെയും നിരസിച്ചതിന്റെയും വിവരം രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. മേൽ വിവരിച്ചതിൽ നിന്നും കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിൽ നിയമാനുസൃത സമയ ക്ളിപ്തത പാലിക്കുന്നില്ലായെന്ന് കാണാവുന്നതാണ്.കൂടാതെ അപേക്ഷകൾ ലഭിക്കുന്ന ക്രമത്തിനനുസരിച്ച്

തീർപ്പാക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യം തുടർ നടപടികൾക്കായി നഗരസഭ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 2019- ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13 -ൽ നിഷ്കർഷിച്ചിട്ടുള്ള സമയ ക്ലിപ്തത പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സർക്കുലർ നം 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 പ്രകാരം കെട്ടിടനിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളിൻ മേൽ എഞ്ചിനീയറിംഗ് വിഭാഗം വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ കെട്ടിട നിർമ്മാണ - പൂർത്തീകരണ ഫയലുകളിൽ ഈ വിവരം പൂർണ്ണമായും ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.23/20-21/26.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-34 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന് വാങ്ങൽ- തുക തിരികെ അടവാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S 079/21 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 3,00,000.00 (തനത് ഫണ്ട്) |
| ചെലവ് | ₹2,69,599.00 (ചെക്ക് നം. 10011598/22.03.21) |

സെക്രട്ടറി, മേൽ ട്രഷറി ചെക്ക് പ്രകാരം , ₹2,69,599.00 പിൻവലിച്ച് 22/03/2021- ന്, മെഡിക്കൽ ഓഫീസർ, PHC ചെതലയത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന് വാങ്ങുന്നതിന് വേണ്ടിയാണ് പ്രസ്തുത തുക മെഡിക്കൽ ഓഫീസർക്ക് നൽകിയിരിക്കുന്നത്.10/07/2021- ന് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഇൻവോയിസ് പ്രകാരം (നം. 8481/10.07.2021) ₹ 51,107.5 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ബാക്കി തുകക്കുള്ള (₹ 2,18,481.5) മരുന്നുകൾ ലഭ്യമാക്കുകയോ , നഗരസഭ ഫണ്ടിലേക്ക് തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല.

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.2006 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ സുൽത്താൻ ബത്തേരി സബ് ട്രഷറി മുഖേനയാണ് പിൻവലിക്കുന്നത്. നിലവിൽ ഇത് ബാങ്കിംഗ് ട്രഷറിയായതിനാൽ ബാങ്ക് അക്കൗണ്ടിന്റെ ആവശ്യമുള്ളതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/20-21/ 25.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവാക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന ബാക്കി തുക (₹ 2,18,481.5) നഗരസഭ ഫണ്ടിലേക്ക് തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-35 പെയിൻ & പാലിയേറ്റീവ് കെയർ - മരുന്നുകളുടെ ഇൻവോയിസ് ലഭ്യമായിട്ടില്ല- ₹ 3,44,242.00 തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S 074/21 പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി |
| അടങ്കൽ | ₹ 12,00,000.00 (വികസന ഫണ്ട്) |
| ചെലവ് | ₹1,06,430.00 (ബിൽ നം. 1/20-21/12.08.20)<br>₹34,740.00 (ബിൽ നം. 2/20-21/11.09.20)<br>₹36,030.00 (ബിൽ നം. 3/20-21/05.11.20)<br>₹35,528.00 (ബിൽ നം. 4/20-21/05.11.20)<br>₹51,695.00 (ബിൽ നം. 5/20-21/23.12.20)<br>₹27,006.00 (ബിൽ നം. 6/20-21/29.01.21) |

| | |
|---|---|
| | ₹73,860.00 (ബിൽ നം. 7/20-21/29.01.21)<br>₹47,288.00 (ബിൽ നം. 8/20-21/10.03.21)<br>₹38,150.00 (ബിൽ നം. 10/20-21/29.03.21)<br>₹24,915.00 (ബിൽ നം. 14/20-21/31.03.21)<br>₹2,02,430.00 (ബിൽ നം. 12/20-21/24.03.21)<br>₹4,70,557.00 (ബിൽ നം. 11/20-21/29.03.21)<br>ആകെ - 11,48,629.00 |

മേൽ പദ്ധതിയിൽ, ₹ 27,006.00 (ട്രഷറി ബിൽ നം. 6/20-21/29.01.21) നൽകിയിരിക്കുന്നത് 25/01/2020- ലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഇൻവോയിസ് (നം. 29907) പ്രകാരമാണ്. 25/01/2020 -ലെ ഇൻവോയിസിന് 29.01.2021 – ൽ ആണ് തുക നൽകിയിരിക്കുന്നത്. മരുന്നുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

₹ 3,17,236.00 (ട്രഷറി ബിൽ നം. 11/20-21/29.03.21) നൽകിയിരിക്കുന്നത് ഇൻവോയിസ് നമ്പർ / തീയതി ഇല്ലാത്ത കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഇൻവോയിസ് പ്രകാരമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/20-21/ 25.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, ₹ 3,44,242.00 തടസ്സത്തിൽ വെക്കുന്നു.

## 1-36 തൊഴിൽ നികുതി -പൊതു അപാകതകൾ- സംബന്ധിച്ച്

തൊഴിൽ നികുതി പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഈടാക്കേണ്ടിയിരുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 2 | ക്ലാസിക് ഹ്യൂണ്ടായ് | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | ഇന്ഡസ് മോട്ടോർസ് | രണ്ടാം അർദ്ധവർഷം |
| 4 | ധനക്കൊടി ചിറ്സ് | രണ്ടാം അർദ്ധവർഷം |
| 5 | സെഞ്ചുറി ഫാഷൻ | രണ്ടാം അർദ്ധവർഷം |
| 6 | ബത്തേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |

മുകളിൽ സൂചിപ്പിച്ച ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും **ഇല്ലായെങ്കിൽ** ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 8 തീയ്യതി 24.03.22)

2) സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-21 വർഷത്തെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 3 | വി ജി മാർട് | ഒന്നാം രണ്ടും അർദ്ധവർഷം |
| 2 | 9 | ഇ.കെ.സ്റ്റോർ | ഒന്നാം രണ്ടും അർദ്ധവർഷം |
| 3 | 15 | എലിം സ്റ്റുഡിയോ | ഒന്നാം രണ്ടും അർദ്ധവർഷം |
| 4 | 15 | ലീപ്പ് ക്ലിനിക് | ഒന്നാം രണ്ടും അർദ്ധവർഷം |
| 5 | 15 | ഫാഷൻ സോൺ | ഒന്നാം രണ്ടും അർദ്ധവർഷം |
| 6 | 15 | ലാൻഡ്മാർക്ക് ആർക്കേഡ് റെസിഡൻസി | ഒന്നാം രണ്ടും അർദ്ധവർഷം |
| 7 | 15 | ഇൻപാർക്ക് കാർ വാഷിംഗ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 8 | 15 | പെരുമ്പിലായി സ്റ്റോർ | ഒന്നാം രണ്ടും അർദ്ധവർഷം |
| 9 | 15 | ലക്കി ഇലെക്ട്രിക്കൽ | ഒന്നാം രണ്ടും അർദ്ധവർഷം |
| 10 | 15 | കരുണാകര ഫാർമസി | ഒന്നാം രണ്ടും അർദ്ധവർഷം |
| 11 | 15 | കല്പക ഹോട്ടൽ | ഒന്നാം രണ്ടും അർദ്ധവർഷം |
| 12 | 15 | ജനവന്ദിത മെഡിക്കൽസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 13 | 15 | ഇന്ത്യൻ കോഫി ഹൗസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 14 | 15 | ആയിഷ ടെക്സ്റ്റൈൽസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 15 | 15 | സ്റ്റാർ മൊബൈൽസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 16 | 15 | എം.എ.എസ് ബാഗ്സ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 17 | 17 | താജ് ഷോപ്പേർ സെന്റർ | ഒന്നാം രണ്ടും അർദ്ധവർഷം |
| 18 | 21 | റിയൽ സ്റ്റീൽ ഫർണീർ | ഒന്നാം രണ്ടും അർദ്ധവർഷം |
| 19 | 22 | ശ്രീ ദുർഗ ഏജൻസിസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 20 | 22 | സ്റ്റാർ മോട്ടോർസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 21 | 22 | ഉഡുപ്പി ഹോട്ടൽ | ഒന്നാം രണ്ടും അർദ്ധവർഷം |
| 22 | 22 | അമ്പാടി മെസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 23 | 22 | ജെഎംജെ ട്രേഡേഴ്സ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 24 | 23 | അറിവയൽ ട്രേഡേഴ്സ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 25 | 23 | ജിയോ അസ്സോസിയേറ്റ്സ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 26 | 24 | ന്യൂ ഫാഷൻ ഫുഡ്‌വെയർ | ഒന്നാം രണ്ടും അർദ്ധവർഷം |
| 27 | 24 | ഫിസ ബേക്കറി | ഒന്നാം രണ്ടും അർദ്ധവർഷം |
| 28 | 24 | കളർ ഫുഡ്‌വെയർ | ഒന്നാം രണ്ടും അർദ്ധവർഷം |
| 29 | 24 | ഐ വേൾഡ് ഓപ്റ്റിക്കൽസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 30 | 24 | ഹോട്ടൽ ദി റിസോർട് | ഒന്നാം രണ്ടും അർദ്ധവർഷം |
| 31 | 26 | മത്തായി മോട്ടോർസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 32 | 28 | ലിയാ റെസിഡൻസി | ഒന്നാം രണ്ടും അർദ്ധവർഷം |
| 33 | 29 | സി.കെ.മോട്ടോർസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 34 | 30 | ഹോട്ടൽ ഷാർജ | ഒന്നാം രണ്ടും അർദ്ധവർഷം |
| 35 | 32 | ഗോൾഡൻ ബെക്സ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 36 | 32 | ദോശ ഹട്ട് | ഒന്നാം രണ്ടും അർദ്ധവർഷം |
| 37 | 35 | കെ.കെ.സ്റ്റോർ | ഒന്നാം രണ്ടും അർദ്ധവർഷം |
| 38 | 35 | ശ്രീലക്ഷ്മി ഫ്ലോർ മിൽ | ഒന്നാം രണ്ടും അർദ്ധവർഷം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 8തീയ്യതി 24.03.2022) മറുപടിയായി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.

3) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 3 പ്രകാരമുള്ള പട്ടിക 1 ൽ 149ാമത് ഇനമായി റീട്ടെയിൽ റേഷൻ

ഡിപ്പോകൾ ഉൾപ്പെട്ടിട്ടുണ്ട്.22/01/2019ാം തീയതിയിലെ (സി.എസ്.)എ 9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ തൊഴിൽ നികുതി ലൈസൻസ് എന്നിവയിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടറും വ്യക്തമാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4.അഭിഭാഷകരിൽ നിന്നും മുനിസിപ്പാലിറ്റിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 8/24.3.22) തൊഴിൽ നികുതി അടവാക്കാത്ത കരാറുകാരിൽ നിന്നും, റേഷൻ കടകളിൽ നിന്നും നികുതി
ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുള്ള ലൈസൻസ് -പൊതു അപാകതകൾ

ബത്തേരി മുനിസിപ്പാലിറ്റിയിലെ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. മുനിസിപ്പാലിറ്റിയിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും നഗരസഭയിൽ നിന്നും 2020-21 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സഞ്ചയയിലെ വിശദാംശം പ്രകാരം വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം | 5500 |
| 2020-21 വർഷത്തിൽ നഗരസഭ നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണം | 1880 |

സഞ്ചയയിലെ വിശദാംശങ്ങൾ പ്രകാരം നഗരസഭാ പരിധിയിൽ 5500 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 1880 ലൈസൻസുകൾ മാത്രമാണ് തൻവർഷം നഗരസഭ നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ നഗരസഭയുടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്.കെട്ടിടങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ലൈസൻസോടെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 35 %ൽ താഴെ മാത്രമാണ്.കൂടാതെ ഈ വർഷം ലൈസൻസ് നേടിയവർ മുൻവർഷത്തേക്കാൾ കുറവാണ്.ഡി&ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിയ്ക്കാതിരിക്കുന്നത് ചട്ടലംഘനവും ലൈസൻസ് ഫീസ് ഇനത്തിൽ നഗരസഭാഫണ്ടിന് കനത്ത നഷ്ടവും ഉണ്ടാകുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ D&O ലൈസൻസ് എടുക്കാത്തതായി കാണുന്നു.റേഷൻ കടകളെ 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം പട്ടിക 11ലെ ക്രമ നം.54 പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. റേഷൻ കടകളുടെ ലൈസൻസ് എടുക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റ്

2020-21 വർഷ ഫീൽഡ് പരിശോധന നടത്തി തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൃത്യമായ രീതിയിൽ ഫീൽഡ് പരിശോധന നടത്തി അവയുടെ വാർഡ് പ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഈ കാര്യങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:9/തീ.23.4.22 ) മറുപടി കോവിഡ് മഹാമാരി കാരണം കച്ചവട സ്ഥാപനങ്ങൾ നിർത്തൽ ചെയ്യുകയോ ഭാഗികമായി പ്രവർത്തിക്കുകയോ

ചെയ്യതിനാലാണ് ടി കാലയളവിൽ മുൻവർഷത്തേക്കാൾ ലൈസൻസ് നേടിയവരുടെ എണ്ണം കുറയാൻ കാരണം.എന്നാൽ ഫീൽഡ് പരിശോധന നടത്തുകയോ കൃത്യമായ കണക്കോ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല .വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-38 എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പഠന ക്യാമ്പ്-കുട്ടികൾക്കുള്ള ലഘുഭക്ഷണത്തിന്റെ നിരക്ക് സംബന്ധിച്ച്-

പ്രിൻസിപ്പൽ നിർവഹണം നടത്തിയ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പഠന ക്യാമ്പ് എന്ന പ്രോജക്റ്റിൽ (പ്രോ.നം.s0693/21) വിദ്യാർത്ഥികൾക്കുള്ള ലഘുഭക്ഷണത്തിന് തനതു ഫണ്ടിൽ നിന്ന് 3 ലക്ഷം രൂപ(ചെക്ക് നമ്പർ 5566163 തീയതി 09.02.2021) ചെലവഴിച്ചിട്ടുണ്ട്.എന്നാൽ നിരക്ക്(ഓരോ വിദ്യാർത്ഥിക്കും അനുവദിച്ച തുകയുടെ ) നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല.

ഫയൽ പരിശോധിച്ചതിൽ പല നിരക്കിലാണ് തുക അനുവദിച്ചതായി കാണുന്നത് (₹15,₹18,₹20 എന്നിങ്ങനെ).ഈ പദ്ധതിയിൽ ഓരോ സ്കൂളിനും തുക അനുവദിച്ചത് ഏതടിസ്ഥാനത്തിലാണെന്നും വ്യക്തമല്ല.ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.27/20-21/26-4-22) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഈ ഇനത്തിലുള്ള ചെലവ്( 3 ലക്ഷം രൂപ) തടസത്തിൽ വയ്ക്കുന്നു.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-39 തിങ്കവന്ത് -തനത് കലാ പരിശീലനം(പ്രോ.നം.625/21) -നിർവഹണം സംബന്ധിച്ച്

കുപ്പാടി സ്കൂളിലെ ഗോത്രവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ തനത് കലാ പരിശീലനം,അവതരണം തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനാണ് മേൽ പ്രോജക്റ്റ് (ചെലവ്₹3,60,000, ബിൽ നം. 73/28-04-2020,ടി.എസ്.പി ഫണ്ട്).ഈ പ്രോജക്റ്റിന് പ്രത്യേക അംഗീകാരം നേടിയിരുന്നുവോ എന്നകാര്യം വ്യക്തമല്ല.[സ.ഉ(കൈ) 17/2018/ തസ്വഭവ തീ.02-02-2018 ഖ.3.8.4 പ്രകാരം].തനത് കലാ പരിശീലനമാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിരുന്നതെങ്കിലും തയ്യൽ പരിശീലനം,തൊഴിൽ പരിശീലനം,ഫുട്ബോൾ പരിശീലനം എന്നിവയ്ക്കെല്ലാം തുക ചെലവഴിച്ചിട്ടുണ്ട്.തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി കുടനിർമ്മാണം പരിശീലിക്കുന്നതിനായി 10840 രൂ. ചെലവഴിച്ച് 50 Umbrella Kit വാങ്ങിയിരുന്നു.ഇത് പിന്നീട് എന്ത് ചെയ്തു എന്ന കാര്യം വ്യക്തമല്ല. നാടൻ കലാ പരിശീലനത്തിനായി(വട്ടക്കളി,നാടൻപാട്ട്, ഗോത്രനൃത്തം മുതലായവ) തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പരിശീലകന്റെ യോഗ്യത ഉറപ്പു വരുത്തിയിരുന്നുവോ എന്നകാര്യം ഫയലിൽ നിന്നു വ്യക്തമല്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.28/20-21/26-4-22) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവുതുക ₹3,60,000 / തടസത്തിൽ വയ്ക്കുന്നു

## 1-40 കോവിഡ് 19 -ഏകോപനവും നിയന്ത്രണവും-നഗരസഭ അഭിനന്ദനാർഹമായ രീതിയിൽ പ്രവർത്തിച്ചു.

കോവിഡ് മഹാമാരി പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ വളരെ പ്രതികൂലമായി ബാധിച്ചുവെങ്കിലും കോവിഡിനെ പ്രതിരോധിക്കുന്നതിൽ നഗരസഭ ഒറ്റക്കെട്ടായി നിന്ന് പ്രവർത്തനങ്ങൾ ഏറ്റെടുത്തുവിജയിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്.

സി.എസ്.എൽ.ടിസിയും ഡി.സി.സിയും നടത്തുകയും ആവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു.

പ്രതിരോധപ്രവർത്തനങ്ങളിൽ സർക്കാരിനോടൊപ്പം പ്രവർത്തിക്കുന്നതിന്റെ ഭാഗമായി 19.03.20 ന് നഗരസഭാ ഓഫീസിൽ ഭരണസമിതിയും ആരോഗ്യപ്രവർത്തകരും നഗരസഭാ ഉദ്യോഗസ്ഥരും യോഗം ചേരുകയും വിവിധപ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.തുടർന്ന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പ്രതിരോധത്തിനും വിവിധമാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.ഈ യോഗത്തിൽ തന്നെ 185 യൂത്ത് വോളണ്ടിയർമാരെ നിയമിക്കുകയും സേവനം ലഭിക്കേണ്ട എല്ലാ ആളുകൾക്കും അടിയന്തിരസേവനങ്ങൾ എത്തിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു

നഗരസഭ തലത്തിൽ ഗ്രൂപ്പ് രൂപീകരിക്കുകയും സെക്രട്ടറിയുൾപ്പെടെയുള്ള പഞ്ചായത്ത് ജീവനക്കാരും ഭരണസമിതിയും സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി,ചെതലയം FHC.എന്നിവയോട് സഹകരിച്ച് കോവിഡ് നിയന്ത്രണത്തിനും ജനങ്ങൾക്ക് വിവിധസേവനങ്ങൾ എത്തിക്കാനും അഹോരാത്രം പരിശ്രമിക്കുകയും ചെയ്തു.

പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തി.കൂടാതെ മഴക്കാലപൂർവ്വശുചീകരണവും വിവിധസന്നദ്ധപ്രവർത്തകരെയും ഹരിതകർമ്മസേനയെയും ഉപയോഗിച്ചുള്ള ശുചീകരണവും തുടർച്ചയായി ചെയ്തിരുന്നു.നഗരപരിധിയിലെ കോവിഡ് സെന്ററുകളിലെയും

നഗരപ്രദേശത്തെയും മാലിന്യം അതാത് ദിവസം അണുനശീകരണം നടത്തി നീക്കം ചെയ്തിരുന്നു.

അതിഥിതൊഴിലാളികളെ നാട്ടിലെത്തിക്കുന്നതിനും അവർക്ക് ഭക്ഷണം ഉറപ്പാക്കുന്നതിനും നഗരസഭ ശ്രദ്ധിച്ചിട്ടുണ്ട്.ലോക്ക് ഡൌൺകാലത്ത് അവശ്യമരുന്നുകൾ എത്തിക്കുന്നതിനും ഭക്ഷണത്തിന് ബുദ്ധിമുട്ട് നേരിട്ടവർക്കും ഐസൊലേഷനിൽ ഉള്ളവർക്കും ക്വാറന്റൈനിൽ ഉള്ളവർക്കും വിവിധഗ്രൂപ്പുകൾ മുഖേന ഭക്ഷണം എത്തിക്കാൻശ്രദ്ധിച്ചിട്ടുണ്ട്.

28.03.2020 കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം ആരംഭിച്ചു.30.08.20 ന് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം അവസാനിപ്പിച്ചു ആയത് സി.എസ്.എൽ.ടി.സി കിച്ചൺ ആക്കി മാറ്റി.കമ്മ്യൂണിറ്റി കിച്ചണിലൂടെ അർഹരായ എല്ലാ വിഭാഗക്കാർക്കും സൌജന്യഭക്ഷണം വിതരണം ചെയ്യുകയും മറ്റുള്ളവർക്ക് ഭക്ഷണം നൽകിയതിന് 76975 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.39221 ആളുകൾക്കായി 196105 ഭക്ഷണപ്പൊതികൾ വിതരണം ചെയ്തിട്ടുണ്ട്.

സി.എസ്.എൽ.ടി.സി.യുടെ പ്രവർത്തനം

ഒന്നാം ഘട്ടത്തിൽ സുൽത്താൻബത്തേരി അദ്ധ്യാപകഭവൻ,സെന്റ് മേരീസ് കോളേജ് എന്നിവിടങ്ങളിലായി രണ്ട് സി.എഫ്.എൽ.ടി.സി കൾ പ്രവർത്തിപ്പിച്ചിരുന്നു. ഒന്നാം ഘട്ടത്തിൽ 01.09.20 ന്സെന്റ് മേരീസ് കോളേജിൽ തുടങ്ങിയ സി.എഫ്.എൽ.ടി.സി 28.12.20 ന് അവസാനിപ്പിച്ചു.

രണ്ടാം ഘട്ടത്തിൽ ന്സെന്റ് മേരീസ് കോളേജിൽ തുടങ്ങിയ സി.എഫ്.എൽ.ടി.സി ന് അവസാനിപ്പിച്ചു.

അദ്ധ്യാപകഭവനിൽ 24.09.20 ന് തുടങ്ങിയ സി.എഫ്.എൽ.ടി.സി 28.02.21 ന് അവസാനിപ്പിച്ചു.

കോവിഡ് പ്രതിരോധത്തിന് വേണ്ടി ചെലവഴിച്ച തുകകളുടെ വിവരം

| ഇനം | ആകെ ചെലവ് | റവന്യൂവകുപ്പിൽ നിന്നും ലഭിച്ചത് | റിമാർക്സ് |
|---|---|---|---|
| ഒന്നാംഘട്ടം | 7544475 | 5693609 | |
| രണ്ടാം ഘട്ടം | 3192277 | 3300000 | 107723രൂപ തിരികെ അടച്ചു. |

സി.എസ്.എൽ.ടി.സിയുടെ മാനേജ്മെന്റ് കമ്മിറ്റി 01.08.20 ന് രൂപീകരിക്കുകയും പ്രതിമാസം യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

കോവിഡ് മഹാമാരി കാരണം മറ്റ് വികസനപ്രവർത്തനങ്ങൾക്കുപയോഗിക്കേണ്ട തനതുഫണ്ട് പ്രതിരോധപ്രവ്രത്തനങ്ങൾക്കുപയോഗിക്കേണ്ടിവന്നതിനാൽ വികസനപ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി ഐ.കെ.എം മുഖേന യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകിയിരുന്നു.

രണ്ടാംഘട്ടകോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് നഗരസഭ 21.04.21 ന് 24 മണിക്കൂറും പ്രവർത്തിക്കുന്നകോവിഡ് കൺട്രോൾ റൂം പ്രവർത്തിക്കുകയും നഗരസഭാപരിധിയിലെ കോവിഡ് ബാധിതർക്ക് ഭക്ഷണം ,മരുന്ന്,ആംബുലൻസ് ഉൾപ്പെടെയുള്ള സേവനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു.

പ്രത്യേകപരിഗണന നൽകേണ്ടവരുടെ സുരക്ഷക്കും കരുതലിനുമായി ഹെൽപ് ഡസ്ക് രൂപീകരിക്കുകയും നഗരസഭ തലത്തിൽ കൺട്രോൾ റൂം,വാർ റൂം ,വാർഡ് തലത്തിൽ കൺട്രോൾ റൂം എന്നിവ ആരംഭിക്കുകയും ചെയ്തിരുന്നു.ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ല.കൺട്രോൾ റൂം പ്രവർത്തനത്തിന് 5 ലക്ഷം രൂപ അനുവദിച്ചതിൽ രൂപ ചെലവഴിച്ചിട്ടുണ്ട്.

ഡയാലിസിസ് രോഗികൾ,അർബുദരോഗികൾ മറ്റ് ഗുരുതരരോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കുകയോ,നടപ്പാക്കുകയോ ചെയ്തിട്ടില്ല എന്നിരുന്നാലും ഇവർക്ക് താലൂക്ക് ആശുപത്രി ,ചെതലയം FHC എന്നിവിടങ്ങളിൽനിന്ന് മരുന്ന് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

രോഗപ്രതിരോധപ്രവർത്തനങ്ങളുടെ ഏകോപനത്തിനും മോണിട്ടറിംഗിനുമായി മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.മോണിട്ടറിംഗ് കമ്മിറ്റി സമയാസമയങ്ങളിൽ യോഗം ചേർന്ന് പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുണ്ട്.

നഗരസഭ പരിധിയിലെ വിദ്യാർത്ഥികളിൽ പഠനസൌകര്യം ഇല്ലാത്ത വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും സൌകര്യം ഏർപ്പെടുത്തുന്നതിന് ബി.ആർ.സിയോട് സഹകരിച്ച് 36 പഠനകേന്ദ്രങ്ങൾ ആരംഭിക്കുകയും സ്പോൺസർഷിപ്പിലൂടെ ആറ് ടാബുകൾ സ്കൂളുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

സി.എഫ്.എൽ.ടി.സിയിലേക്ക് ആവശ്യമായ പൾസ് ഓക്സിമീറ്ററുകളും മരുന്നുകളും അവശ്യവസ്തുക്കളും ഉറപ്പാക്കിയതിന് പുറമേ വാർഡ് തല കമ്മിറ്റികൾക്ക് പൾസ് ഓക്സിമീറ്ററുകളും മാസ്കുകളും സാനിറ്റൈസറും വാങ്ങി നൽകിയിട്ടുണ്ട്.

തരിശുഭൂമികൃഷി പ്രോത്സാഹിപ്പിക്കാൻ 10 ലക്ഷം രൂപ ചെലവഴിച്ച് 30 ഹെക്ടർ

സ്ഥലം കൃഷിയോഗ്യമാക്കി നെൽകൃഷി നടത്തി.

2021-22 വർഷത്തിൽ ഡൊമിസിലിയറി കെയർ സെന്റർ നടപ്പാക്കാനായി സെന്റ് മേരീസ് കോളേജ് ഏറ്റെടുക്കുകയും ഡി.സി.സി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

കമ്മ്യൂണിറ്റി കിച്ചൺ,സി.എഫ്.എൽ.ടി.സി എന്നിവ നടത്തുന്നതിന് വേണ്ടി വാങ്ങിയതിൽ പുനരുപയോഗത്തിന് പറ്റുന്ന സാധനങ്ങൾ ജനറേറ്റർ ,വാഷിംഗ് മെഷീൻ,പാത്രങ്ങൾ ബെഡുകൾ എന്നിവ ഉൾപ്പെടെ 128 ഇനം സാധനങ്ങൾ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ട്.ആയവ നശിച്ചുപോകാതെ പുനരുപയോഗത്തിന് സർക്കാർ അനുവാദത്തോടെ കൈമാറാൻ ശ്രദ്ധിക്കേണ്ടതാണ്.

കോവിഡ് മഹാമാരിയെ നേരിടാൻ ഒറ്റക്കെട്ടായി ജനകീയപങ്കാളിത്തത്തോടെ നഗരസഭ നടപ്പാക്കിയ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി നിർണ്ണയം മുഴുവൻ വിസ്തീർണ്ണത്തിനും നികുതി ഈടാക്കിയിട്ടില്ല - ₹ 1,36,304.00 നഷ്ടം സംഭവിച്ചു.

സു.ബത്തേരി നഗരസഭയിൽ 2020-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 20/04/2022-ന് 11 AMനും 22/04/2022-ന് 2 PMനും സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥല പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ മുഴുവൻ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ച് ഈടാക്കാത്തതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1) സപ്ത റിസോർട്ട് & സ്പാ, Kerala Land Reforms And Development Co Operative Society

വിഭാഗം - റിസോർട്ടുകൾ

റെഗുലറൈസേഷൻ പെർമിറ്റ് നം. BA63/2021/24.03.21

വാർഡ് നം.12, കുപ്പാടി,

സർവ്വേ നം. 603/3,617/10,617/11,

കെട്ടിട നം. 12/428/A മുതൽ 12/428/I വരെ

12/428/C1 മുതൽ 12/428/C5 വരെ

ആകെ നിർമ്മിത വിസ്തീർണ്ണം - 13628.33 ച.മീ

സു.ബത്തേരി നഗരസഭ കൗൺസിലിന്റെ തീരുമാന പ്രകാരം (നം. 7(1)/14.02.17) വസ്തു നികുതി പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ/സ്പാ സെന്റർ എന്നിവക്ക് ച.മീ ന 160 രൂപയാണ്. എന്നാൽ, ച.മീ ന 90 രൂപ വെച്ചാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. കേരള മുൻസിപ്പാലിറ്റി വസ്തു നികുതി ചട്ട പ്രകാരം സ്വിമ്മിംഗ്പൂളിന് വസ്തു നികുതി ഈടാക്കേണ്ടതാണ്. എന്നാൽ, ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | സ്ഥല പരിശോധനയിൽ നഗരസഭ ഓവർസിയർ അളന്ന് തിട്ടപ്പെടുത്തിയ വിസ്തീർണ്ണം(ച.മീ) | ഫോം 6 പ്രകാരം ഈടാക്കിയ ആകെ അടിസ്ഥാന വസ്തു നികുതി(₹) | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി(₹) | ഒരു വർഷം സംഭവിക്കുന്ന നഷ്ടം (₹) |
|---|---|---|---|---|---|
| 1 | ആയുർവ്വേദ സ്പാ | 49.9 മീ X 14 മീ = 698.6 | 536.97 X 90 = 48327 | 698.6 X 160 = 111776 | 63449 |
| 2 | സ്വിമ്മിംഗ്പൂൾ | 20 മീ X 25 മീ = 500 | 0 | 500 X 90= 45000 | 45000 |
| ആകെ | | | | | 1,08,449.00 |

2) അബ്ദുൾ ലത്തീഫ് & മൻഷീദ് നിയാസ്, കുരുത്തോലക്കണ്ടി വീട്

വിഭാഗം - കൊമേഴ്സ്യൽ

റെഗുലറൈസേഷൻ പെർമിറ്റ് നം. BA54/20-21/06.10.20

വാർഡ് നം.22, ഫെയർ ലാന്റ്,

സർവ്വേ നം. 5/9,

കെട്ടിട നം. 22/268 മുതൽ 22/276/ A വരെ

ആകെ നിർമ്മിത വിസ്തീർണ്ണം - 838.9 ച.മീ

838.9 ച.മീ വിസ്തീർണ്ണത്തിൽ മൂന്ന് നിലയുള്ള വാണിജ്യ കെട്ടിടമാണ് പ്ലാനിൽ ഉള്ളത്. എന്നാൽ, 800.29 ച.മീ കെട്ടിടത്തിന് മാത്രമേ വസ്തു നികുതി ഈടാക്കിയിട്ടുള്ളൂ. നേരിൽ പരിശോധിച്ചപ്പോൾ, 3.30 മീറ്റർ ഉയരവും 33 മീറ്റർ നീളവും 8 മീറ്റർ വീതിയുമുള്ള, മേൽക്കൂര ജി.ഐ ഷീറ്റ് വിരിച്ച ഒരു ഷെഡ് നാലാമത്തെ നിലയിൽ ഗോഡൗണായി ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത ഷെഡ്ഡിന് പെർമിറ്റ് എടുക്കുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | സ്ഥല പരിശോധനയിൽ നഗരസഭ ഓവർസിയർ അളന്ന് തിട്ടപ്പെടുത്തിയ വിസ്തീർണ്ണം(ച.മീ) | ഫോം 6 പ്രകാരം ഈടാക്കിയ ആകെ അടിസ്ഥാന വസ്തു നികുതി(₹) | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി(₹) | ഒരു വർഷം സംഭവിക്കുന്ന നഷ്ടം (₹) |
|---|---|---|---|---|---|
| 1 | മൂന്ന് നില കോൺക്രീറ്റ് കെട്ടിടം | 838.9 ച.മീ (അംഗീകരിച്ച പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം) | 618.02(വാണിജ്യം) X 80 = 49441.6<br>182.27(അപ്പാർട്ട്മെന്റ്) X 10 = 1822.7<br>ആകെ - 51264 | 656.63(വാണിജ്യം) X 80 = 52530.4<br>182.27(അപ്പാർട്ട്മെന്റ്) X 30* = 5468.1<br>ആകെ - 57999 | 6735 |
| 2 | മൂന്നാം നില ജി.ഐ ഷീറ്റ് ഷെഡ്ഡ് | 33 മീ X 8 മീ = 264 | 0 | 264 X 80= 21120 | 21120 |
| ആകെ | | | | | ₹27,855.00 |

*സു.ബത്തേരി നഗരസഭ കൗൺസിലിന്റെ തീരുമാന പ്രകാരം (നം. 7(1)/14.02.17) വസ്തു നികുതി പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം പാർപ്പിട ആവശ്യത്തിനുള്ളവക്ക് സ്ക്വ.മീ ന 10 രൂപയും ക്വാട്ടേഴ്സ്/അപ്പാർട്ട്മെന്റിന് സ്ക്വ.മീ ന 30 രൂപയും ആണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/20-21/ 26.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രകാരം വസ്തു നികുതിയിനത്തിൽ വന്ന നഷ്ടം ₹ 1,36,304.00 (1,08,449.00 + 27,855.00) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 23.04.22 മുതൽ 26.4.22 വരെ | ഇതേ റിപ്പോർട്ട് നമ്പർ |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KSEB | ദ്വാരക റോഡിന് സമീപം ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22001643 /12-04-2020 | 95213 | 95213 | Nil |
| 2 | KSEB | പള്ളിപ്പടി കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ ചാർജ്ജ് | 22001886 /19-12-2020 | 117951 | 117951 | Nil |
| 3 | KSEB | താലൂക്ക് ആശുപത്രി റോഡ് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22001667 /27-03-2021 | 137806 | 137806 | Nil |
| 4 | GWD | പൂളവയൽ പള്ളിപടി കുഴൽ കിണർ | 22001010 /13-02-2021 | 40260 | 40260 | Nil |
| 5 | GWD | ഭൂജല സർവ്വേ ഫീസ് | 22001407 /24-03-2021 | 17415 | 17415 | Nil |
| 6 | GWD | പന്ത്രണ്ടാം ഡിവിഷൻ കുഴൽ കിണർ | 22001173 /17-03-2021 | 246130 | 246130 | Nil |
| 7 | GWD | കൈപ്പഞ്ചേരി എൽ.പി.സ്കൂൾ കുഴൽ കിണർ | 22001457 /27-03-2021 | 134800 | 134800 | Nil |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക 1-04-2020 ന് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 31-03-2021 |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സൌഭാഗ്യ ഭവനപദ്ധതി | ജി.ഒ(എം.എസ്)83/13/LSGD 11.03.13 | 19300000 | 10489057 | 5200000 | 912423 | 5289057 |

വായ്പ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കൃത്യമായ വിവരങ്ങൾ പരിശോധിക്കാൻ കഴിയുന്നില്ല.ഖണ്ഡിക 1-26 കാണുക

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 668166 |
| തൻവർഷം നിക്ഷേപിച്ച തുക | 43711 |
| ആകെ | 711877 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 711877 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീണ് ബാങ്ക് | 31-07-2013 | | 711877 | |
| ആകെ | | | | 711877 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13548 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | 13548 | എൻ.വി.ദാമോദരൻ, | 119140107279, 6-09-2019 |
| 2018-19 | | 1995 | തഹസിൽദാർ | 118140400005, 12-06-2018 |
| 2018-19 | | 1308 | രവി.സി | 118140103997 19-06-2018 |
| 2018-19 | | 1350 | മണി.എസ് | 118140103393, 6-06-2018 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ/ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 97-98 | 68 | 1999-2000 | 77 | രാജീവ് ഗാന്ധി ബൈപ്പാസ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ അധികമായി കരിങ്കൽ വാങ്ങി | സമിതിയുടെ പരിഗണനയില് |
| 98-99 | 65 | 2001-02 | 4(2) | വനിതകൾക്കുള്ള പ്രൊജക്ടിൽ പുരുഷൻമാർക്ക് ആനുകൂല്യം നൽകി. | സമിതിയുടെ പരിഗണനയില് |
| 98-99 | 30 | 2001-02 | 4(3) | കമ്മ്യൂണിറ്റി ഹാൾ വാടക പഞ്ചായത്തിൽ അടക്കാതെ അപഹരിച്ചു. നഷ്ടം -19550/- രൂപ | സമിതിയുടെ പരിഗണനയില് |
| 98-99 | 38 | - | 4(4) | ബിൽഡിംഗ് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്- പഞ്ചായത്തിന് നഷ്ടം-23520/- രൂപ | സമിതിയുടെ പരിഗണനയില് |
| 99-2000 | 49 | 2002-03 | 5(1) | പൊതുമരാമത്ത് പ്രവർത്തി അധിക നിരക്ക് നൽകി | സമിതിയുടെ പരിഗണനയില് |
| 99-2000 | 49 | 2002-03 | 5(2) | വനിതകൾക്കുള്ള പ്രൊജക്ടിൽ പുരുഷൻമാർക്ക് ആനുകൂല്യം നൽകി. | സമിതിയുടെ പരിഗണനയില് |
| 2006-07 | 2-6 | 2009-10 | 3(1)2(1) | കെട്ടിട വാടക പിരിവ് അപാകങ്ങൾ | സമിതിയുടെ പരിഗണനയില് |
| 2006-07 | 2-6 | 2009-10 | 3(1)2(1)A | വാടകക്കാരുമായി കൃത്യമായി കരാറിലേർപ്പെടുന്നില്ല. | സമിതിയുടെ പരിഗണനയില് |
| 2006-07 | 2-6 | 2009-10 | 3(1)2(1)B | വാടക കുടിശ്ശിക പിരിച്ചെടുത്തില്ല. | സമിതിയുടെ പരിഗണനയില് |

| | | | | | |
|---|---|---|---|---|---|
| 2006-07 | 2-6 | 2009-10 | 3(1)2(2) | ചട്ടവിരുദ്ധമായി വാടക നൽകി | സമിതിയുടെ പരിഗണനയില് |
| 2010-11 | | 2012-13 | 4.8.2 | കെ.ടി.ഡി.സി ഹോട്ടൽ സംബന്ധിച്ച്. | സമിതിയുടെ പരിഗണനയില് |
| 2012-13 | | 2015-16 | 3(1)3(6) | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച്. | സമിതിയുടെ പരിഗണനയില് |
| 2015-16 | 2-2 | 2016-17 | - | തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല.-4562637/- രൂപയുടെ നഷ്ടം | തുക നഗരസഭ ഒടുക്കു വരുത്തിയിട്ടുണ്ട് |
| 2016-17 | 2-7 | 2017-18 | - | റിസോർട്ടുകളിൽ കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിൽ നഗരസഭയ്ക്ക് നഷ്ടം | ഓഡിറ്റ് പരാമർശ പ്രകാരം 90 രൂപ നിരക്കിൽ തുക ഈടാക്കുന്നതിന് കക്ഷിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2016-17 | 2-8 | 2017-18 | - | നഗരസഭയിലെ കേദാരം വില്ലേജ് റിസോർട്ടിലെ അനധികൃത നിർമ്മാണം സംബന്ധിച്ച്. | നടപടി സ്വീകരിച്ച് വരുന്നു. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 284647918 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 248612653 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 136304 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9626061 |

(ബി). നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 1,36,304 | എൻ.കെ.അലി.അസ്ഹർ,<br>സെക്രട്ടറി |
| ആകെ | 1,36,304 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 116590 | കെ.മുനവർ.അസി.എഞ്ചിനീയർ |
| 1-14 | 1166831 | കെ.മുനവർ.അസി.എഞ്ചിനീയർ |
| 1-15 | 3735700 | കെ.മുനവർ.അസി.എഞ്ചിനീയർ |
| 1-19 | 2810688 | കെ.മുനവർ.അസി.എഞ്ചിനീയർ |
| 1-20 | 196260 | എൻ.കെ.അലി.അസ്ഹർ,<br>സെക്രട്ടറി |
| 1-22 | 72137 | എൻ.കെ.അലി.അസ്ഹർ,<br>സെക്രട്ടറി |
| 1-23 | 441207 | എൻ.കെ.അലി.അസ്ഹർ,<br>സെക്രട്ടറി |
| 1-24 | 82406 | എൻ.കെ.അലി.അസ്ഹർ, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-35 | 344242 | മെഡിക്കൽ ഓഫീസർ,കുടുംബാരോഗ്യകേന്ദ്രം, ചെതലയം |
| 1-38 | 300000 | പ്രിൻസിപ്പാൾ സർവ്വജനഹയർസെക്കൻഡറി സ്കൂൾ |
| 1-39 | 360000 | പ്രിൻസിപ്പാൾ സർവ്വജനഹയർസെക്കൻഡറി സ്കൂൾ |
| ആകെ | 9626061 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

എൻ.കെ.അലി.അസ്ഹർ,നായേരികോമത്ത് വീട്,പിണങ്ങോട് പി.ഒ,കൽപ്പറ്റ.

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-86,86-87 | Lf(w)p1-397/2000(6)/24.06.2000 |
| 1987-88,89-90 | Lf(w)p1-397/2000(6)/24.06.2000 |
| 1990-91,91-92 | LF(w)P3-209/98/5.09.17 |
| 1992-93,93-94 | LF(w)P3-280/98/6.6.07/6.11.07 |
| 1994-95,95-96 | LF(w)P3-550/98/6.6.07/6.11.07 |
| 1996-97 | LF(W)p2-104/99/08.10.99 |
| 1997-98 | LF(W)p2-805/99/09.03.01 |
| 1998-99 | LF(W)p1-536/02(1)/15.02.2005 |
| 1999-2000 | LF(W)p1-10/02/28.05.2003 |
| 2000-2001(plan) | LF(W)P4-476/2003/10.08.2004 |
| 2000-2001 | LF(W)P4-472/2004/10.02.2006 |
| 2001-02 | LF(W)P4-85/2006/03.03.2007/11.02.2008 |
| 2002-03 | LF(W)P4-202/2006/14.02.2008/25.03.2008 |
| 2003-04 | LF(W)P4-395/10/16.8.10 |
| 2004-05 | LF(W)P4-784/2009/02.02.11 |
| 2005-06 | LF(W)P4-749/2009/02.12.2009 |
| 2006-07 | LF(W)P4-267/2010/16.11.2010 |
| 2007-08 | LF(W)P4-248/12/24.08.12 |
| 2008-09 | LF(W)P4-247/11/31.12.11 |

| | |
|---|---|
| 2009-10 | LF(W)P4-467/12/24.08.12 |
| 2010-11 | LF(W)P4-820/12/21.04.15 |
| 2011-12 | LF(W)P4- 625/13/20.11.2014/13.01.2015 |
| 2012-13 | LF(W)P3-226/15/05.05.16 |
| 2013-14 & 2014-15 | LF(W)P3-681/16/05.05.2016 |
| 2015-16 | കെ.എസ്.എ(ഡബ്ള്യൂ.വൈ.ഡി.)എം.2-132/17/24.03.17/18.05.17 |
| 2015-16 (01.11.2015 മുതൽ നഗരസഭ ആയി മാറി) | കെ.എസ്.എ(ഡബ്ള്യൂ.വൈ.ഡി.)എം.2-75/17-23/05/2017 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 2-611/17/06/05/2019 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 2-143/19-09.12.2019 |
| 2018-19 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 3-119/20/ 05.11.2019 |
| 2019-20 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 3-879/21/ 15.12.2021 |

കുറിപ്പ് -01.11.2015 മുതൽ നഗരസഭയും അതിനുമുൻപ് ഗ്രാമപഞ്ചായത്തും ആയിരുന്നു.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്